# പ്രതീക്ഷയുടെ പൂമൊട്ടുകൾ

## Pratheekshayude Poomottukal


വാല്യം 42 ലക്കം 4
വാർഷിക വരിസംഖ്യ ₹ 100

Vol 42 No. 4
Annual Subscription ₹100





പ്രോസാങ്ങ്ടിറ്റി പബ്ലിക്കേഷൻസ്

ജൂലൈ 2024





പ്രതീക്ഷയുടെ

# പൂമൊട്ടുകൾ

**Pratheekshayude Poomottukal**
**Vol. 42 No. 4**

**വാല്യം 42 ലക്കം 4 കൈത്താക്കാലം ജൂലൈ 2024**


*"ഇതാണ് ദൈവഹിതം, നിങ്ങളുടെ വിശുദ്ധീകരണം" (1 തെസ 4,3)*


രക്ഷാധികാരി:
**ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം**

**എഡിറ്റോറിയൽ ബോർഡ്**

ചീഫ് എഡിറ്റർ:
**മല്പാൻ റവ. ഡോ. മാത്യു വെള്ളാനിക്കൽ**

മാനേജിംഗ് എഡിറ്റർ:
**ഫ്ളവറി ചോതിരക്കുന്നേൽ A.O.**

എക്സിക്യൂട്ടീവ് എഡിറ്റർ:
**ഷിനി തെരേസ് മുതുപ്ലാക്കൽ A.O.**

പത്രാധിപസമിതി:
**റവ. ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ**
**ഡോ. അനു കുരിശുംമൂട്ടിൽ A.O.**
**സ്റ്റെഫി മംഗലത്തുകുന്നേൽ A.O.**
**സിജി കുന്നത്ത് A.O.**

അഡ്വൈസറി ബോർഡ്:
**റവ. ഡോ. സെബാസ്റ്റ്യൻ കൊല്ലംകുന്നേൽ**
**റവ. ഫാ. ജോസഫ് പുത്തൻപറമ്പിൽ**
**വിൽസൺ ജോർജ്ജ് അറയ്ക്കൽ** M.A. Mphil

സർക്കുലേഷൻ മാനേജേഴ്സ്:
**ജെനി കഴുന്നടിയിൽ A.O.**
**മിസ്റ്റർ കുര്യൻ മാത്യു ഇല്ലിക്കൽ**
**മിസ്റ്റർ അബ്രാഹം പുന്നാടംപാക്കൽ**

ഫിനാൻസ് മാനേജർ:
**അനിത ആത്രശ്ശേരിയിൽ A.O.**

കവർ ഡിസൈനിംഗ് & ലേഔട്ട്
**ജെ.എസ്. ഗ്രാഫിക്സ്**



**വാർഷിക വരിസംഖ്യ ₹ 100/-**

പ്രിന്റിംഗ്:
**വി.ജി. പ്രിന്റേഴ്സ്, മാങ്ങാനം.**
Email: wigipress@gmail.com

**പ്രോസാങ്ടിറ്റി പബ്ലിക്കേഷൻസ്**
**സ്പിരിച്ചാലിറ്റി സെന്റർ**
**മാങ്ങാനം പി. ഒ., കോട്ടയം 686 018**
**ഫോൺ: 9497588192**
**Email: psmktm@gmail.com**


## ഉള്ളടക്കം


- സഭാത്മകജീവിതം 5
- കൈത്താക്കാലം 8
- മധുരിതം നിൻ നാമം 11
- വിളക്കുപോലെ 12
- ഒരു ചുമയും പിന്നെ ഒരു ഡോക്ടറും 14
- ഫലം ചൂടി നിൽക്കാൻ 17
- പരിസ്ഥിതിവിജ്ഞാനീയപരമായ വിദ്യാഭ്യാസവും ആത്മീയതയും 18
- ആഹാബ് 20
- സെനക്കിൾ തരംഗം 23
- ചിറ്റപ്പാ... സെറ്റപ്പാ! 24
- നന്മയിൽ ചരിക്കാം 26
- ഉത്തരം കിട്ടുന്ന പ്രാർത്ഥന 28
- അമ്മയോടൊപ്പം 30

എഡിറ്റോറിയൽ

# നിന്നെപ്പോലെ അയൽക്കാരനെയും

പരിസരവാസികൾക്കുമാത്രം പരിചിതമായിരുന്ന ആമയിഴഞ്ചാൻ ഇന്ന് മലയാളിക്കു കണ്ണീരോർമ്മയാണ്. സ്വന്തം തെറ്റുകൊണ്ടല്ലാതെ മരണത്തിനു വിധിക്കപ്പെട്ട ഒരു നിരപരാധിയുടെ ജീവിതത്തിനുമുമ്പിൽ നമ്രശിരസ്കരായി നിൽക്കുമ്പോൾതന്നെ ആ മരണത്തിന് അറിഞ്ഞോ അറിയാതെയോ ഞാനും കാരണമായോ എന്നു ചിന്തിക്കേണ്ടതാണ്. നാമോരോരുത്തരും ചെയ്ത, ചെയ്യുന്ന തെറ്റിനു പരിഹാരം ചെയ്യാൻ ഇറങ്ങിപ്പുറപ്പെട്ടപ്പോഴായിരുന്നു അദ്ദേഹത്തിനു തന്റെ ജീവൻ നഷ്ടപ്പെട്ടത് എന്നതു സൗകര്യപൂർവ്വം നാം വിസ്മരിച്ചുകൂടാ. ഒരു മിഠായിക്കടലാസു മുതൽ പ്രകൃതിയുടെ നിലനില്പിന് ഹാനികരമായതെന്തെങ്കിലും അലക്ഷ്യമായി വലിച്ചെറിഞ്ഞിട്ടുള്ള ഓരോരുത്തരും ജോയിയുടെ മരണത്തിന് ഉത്തരവാദിയാണ്.

സാക്ഷരകേരളത്തിലെ അഭ്യസ്തവിദ്യരായ മലയാളി സ്വന്തം വീടും പരിസരവും വൃത്തിയാക്കേണ്ടത് അയൽക്കാരന്റെ വീടും പരിസരവും വൃത്തികേടാക്കിക്കൊണ്ടായിരിക്കരുത് എന്ന പാഠം ഇനിയും പഠിച്ചിട്ടില്ല! വിദേശത്തുചെന്നു വിമാനമിറങ്ങുമ്പോൾ മുതലുണ്ടാകുന്ന വൃത്തിയും വെടിപ്പും തിരികെ പിറന്ന മണ്ണിൽ കാലുകുത്തുമ്പോൾ നഷ്ടപ്പെടുന്നതിന്റെ കാരണവും വിദ്യാഭ്യാസത്തിന്റെ കുറവല്ലല്ലോ.... ഇനിയും ഉപേക്ഷ വിചാരിച്ചാൽ ആമയിഴഞ്ചാൻ ആവർത്തിക്കപ്പെടുമെന്ന ഹൈക്കോടതിയുടെ മുന്നറിയിപ്പ് നിസ്സാരവത്ക്കരിക്കപ്പെട്ടുപോകരുത്.

സന്നദ്ധസംഘടനകളും സംരക്ഷണസമിതിയുമൊക്കെ പതിവുപോലെ ഉണർന്നുകഴിഞ്ഞു. അതൊക്കെ പതിവു പ്രഹസനമാകാതെ, സഹതാപതരംഗത്തിലും സഹായവാഗ്ദാനങ്ങളിലും ഒതുക്കി നിർത്താതെ ഉചിതമായ പ്രവർത്തനശൈലി സ്വീകരിക്കുമെന്നു പ്രത്യാശിക്കാം. അതോടൊപ്പം നമുക്കു ചെയ്യാനുള്ളത് ഇപ്പോൾ തന്നെ തുടങ്ങാം. നിന്നെപ്പോലെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക എന്ന തിരുവചനം വായിച്ചടയ്ക്കാനുള്ളതല്ല, പാലിക്കാനുള്ള പ്രമാണമാണ്. ചെയ്യേണ്ട കാര്യങ്ങൾ ചെയ്യേണ്ടതുപോലെ ചെയ്താൽ ഒഴിവാക്കപ്പെടാമായിരുന്ന കണ്ണീരും ദുരിതവും ഇനിയും ആവർത്തിക്കപ്പെടാതിരിക്കട്ടെ.

സ്വന്തം സുഖവും സൗകര്യങ്ങളും വർദ്ധിപ്പിക്കുമ്പോൾ അപരന്റെ സുഖവും സന്തോഷവും ഹനിക്കപ്പെടുന്നില്ല എന്നുറപ്പുവരുത്തേണ്ടതുണ്ട്. സ്വന്തം നന്മയോടൊപ്പം സമൂഹത്തിന്റെയും സഭയുടെയും പ്രകൃതിയുടെയും നന്മ മുന്നിൽ കാണുവാൻ നമുക്കാവണം. തായ്ത്തണ്ടായ ഈശോയുടെ ജീവരസത്തിൽ പങ്കുചേരുന്ന നമുക്ക് അവിടുന്നാഗ്രഹിക്കുന്ന വിധത്തിൽ നന്മ നിറഞ്ഞ ജീവിതം നയിക്കുവാൻ ഈ കൈത്താക്കാലം നമ്മെ സഹായിക്കട്ടെ.

എഡിറ്റർ



സെനക്കിൾ ആദ്ധ്യാത്മികത - 94

# സഭാത്മകജീവിതം

റവ. മല്പാൻ മാത്യു വെള്ളാനിക്കൽ

സഭയുടെ ജനനവും വളർച്ചയും വ്യക്തമായി മനസ്സിലാക്കാനും ശരിയായ സഭാജീവിതം നയിക്കാനും നമുക്ക് പ്രചോദനവും സഹായവും നൽകുന്ന കാലഘട്ടമാണ് കൈത്താക്കാലം. 'കൈത്താ' എന്ന സുറിയാനിവാക്കിന്റെ അർത്ഥം 'വേനൽ','ഗ്രീഷ്മം' എന്നൊക്കെയാണ്. വേനൽക്കാലത്താണല്ലോ വിളവെടുപ്പും ഫലശേഖരണവും നടത്തുന്നത്. ശ്ലീഹന്മാരുടെയും രക്തസാക്ഷികളുടെയും പ്രേഷിതപ്രവർത്തനഫലമായി ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ വേരുപിടിച്ച സഭാതരു പടർന്നു പന്തലിച്ച് വിശുദ്ധിയുടെയും രക്തസാക്ഷിത്വത്തിന്റെയും ഫലങ്ങൾ പുറപ്പെടുവിക്കുന്നതിനെയാണ് കൈത്താക്കാലം നമ്മെ ഓർമ്മിപ്പിക്കുന്നത്.

**സഭ: മാംസം ധരിച്ച വചനം**

പത്രോസ്ശ്ലീഹാ മറ്റു പതിനൊന്നുപേരോടുമൊപ്പം, പന്തക്കുസ്താനുഭവത്തെത്തുടർന്ന് നടത്തിയ സുവിശേഷപ്രഘോഷണഫലമായി ആദിമസഭ രൂപംകൊണ്ടു. നടപടിഗ്രന്ഥം 2,41 ൽ നാം വായിക്കുന്നു: "അവന്റെ വചനം സ്വീകരിച്ചവർ സ്നാനം സ്വീകരിച്ചു. ആ ദിവസം തന്നെ മൂവായിരത്തോളം ആളുകൾ അവരോടുചേർന്നു". അതുകൊണ്ട് വചനം സ്വീകരിച്ചവരുടെ കൂട്ടായ്മയാണ് സഭ. ക്രിസ്ത്യാനികൾ നശ്വരമായ ബീജത്തിൽനിന്നല്ല, മറിച്ച് അനശ്വരമായ ബീജത്തിൽനിന്ന്, സജീവവും സനാതനവുമായ ദൈവവചനത്തിൽനിന്ന് പുതുതായി ജനിച്ചവരാണ് (1 പത്രോ 1,23). അവർ സ്വീകരിച്ച വചനം മിശിഹാതന്നെയാണ്: 'മാംസം ധരിച്ച വചനം' (യോഹ 1,14). അതുകൊണ്ട് മാംസം ധരിച്ച വചനമാണ്, അഥവാ മിശിഹാതന്നെയാണ് സഭ. ഈ അർത്ഥത്തിലാണ് മിശിഹായുടെ ശരീരമായി സഭയെ പൗലോസ്ശ്ലീഹാ അവതരിപ്പിക്കുന്നത് (1 കൊറി 12,12-14).

**സഭ: ത്രിത്വകൂട്ടായ്മയുടെ ദൃശ്യസമൂഹം**

വചനം മാംസമായ മിശിഹാ ത്രിത്വകൂട്ടായ്മയുടെ വെളിപ്പെടുത്തലാണെങ്കിൽ, വചനം മാംസം ധരിച്ച സഭയും ത്രിത്വകൂട്ടായ്മ വെളിപ്പെടുത്തുന്ന ദൃശ്യസമൂഹമാണ്. അതിനെപ്പറ്റി യോഹന്നാൻശ്ലീഹാ ഇപ്രകാരം പറയുന്നു: "ആദിമുതൽ ഉണ്ടായിരുന്നതും ഞങ്ങൾ കേട്ടതും സ്വന്തം കണ്ണുകൊണ്ടു കണ്ടതും സൂക്ഷിച്ചുവീക്ഷിച്ചതും കൈകൊണ്ടു സ്പർശിച്ചതുമായ ജീവന്റെ വചനത്തെപ്പറ്റി ഞങ്ങൾ അറിയിക്കുന്നു. ജീവൻ വെളിപ്പെട്ടു; ഞങ്ങൾ അതു കണ്ടു; അതിനു സാക്ഷ്യം നൽകുകയും ചെയ്യുന്നു. പിതാവിനോടുകൂടെയായിരുന്നതും ഞങ്ങൾക്കു വെളിപ്പെട്ടതുമായ നിത്യജീവൻ ഞങ്ങൾ നിങ്ങളോടു പ്രഘോഷിക്കുന്നു. ഞങ്ങൾ കാണുകയും കേൾക്കുകയും ചെയ്തത് നിങ്ങളെയും ഞങ്ങൾ അറിയിക്കുന്നു. ഞങ്ങളുമായി നിങ്ങൾക്കും കൂട്ടായ്മ ഉണ്ടാകേണ്ടതിനാണ് ഞങ്ങൾ ഇതു പ്രഘോഷിക്കുന്നത്. ഞങ്ങളുടെ കൂട്ടായ്മയാകട്ടെ, പിതാവിനോടും അവിടുത്തെ പുത്രനായ ഈശോമിശിഹായോടുമാണ്" (1 യോഹ 1,1-3). ഇപ്രകാരം ത്രിത്വകൂട്ടായ്മയുടെ ദൃശ്യസമൂഹമായി സഭയെ രൂപപ്പെടുത്തുന്നത് സഭയിലുള്ള വചനത്തിന്റെ സജീവസാന്നിദ്ധ്യമാണ്.

**വചനസാന്നിധ്യം സഭയിൽ**

വചനം മാംസം ധരിച്ച സഭയിൽ നാലു വിധത്തിൽ വചനം സന്നിഹിതമാണ്. 1. വചനം സ്വീകരിക്കുന്ന സമൂഹം; 2. വചനം ജീവിക്കുന്ന സമൂഹം; 3. വചനം ആഘോഷിക്കുന്ന സമൂഹം; 4. വചനത്തിന് പ്രത്യുത്തരിക്കുന്ന സമൂഹം. അതേപ്പറ്റി നടപടിഗ്രന്ഥത്തിൽ നാം ഇപ്രകാരം വായിക്കുന്നു: "അവർ ശ്ലീഹന്മാരുടെ പ്രബോധനം, കൂട്ടായ്മ, അപ്പംമുറിക്കൽ, പ്രാർത്ഥന എന്നിവയിൽ സദാ താത്പര്യപൂർവ്വം പങ്കുചേർന്നു" (ശ്ലീഹ 2,42). ശ്ലൈഹികപ്രബോധനത്തിലൂടെ സഭാസമൂഹം നിരന്തരം വചനം സ്വീകരിച്ചുകൊണ്ടിരിക്കുന്നു. മാംസം ധരിച്ച വചനമായ മിശിഹായുടെ സ്നേഹജീവിതമാണ് സഭാകൂട്ടായ്മ പ്രതിഫലിപ്പിക്കുന്നത്. ആദിമസഭയുടെ കൂട്ടായ്മാസ്വഭാവം വളരെ പ്രകടമാണ്: "വിശ്വസിച്ചവർ എല്ലാവരും ഒറ്റ സമൂഹമാവുകയും തങ്ങൾക്കുണ്ടായിരുന്നതെല്ലാം പൊതുവായി കരുതുകയും ചെയ്തു. അവർ തങ്ങളുടെ സ്വത്തുക്കളും വസ്തുവകകളും വിറ്റ് ആവശ്യാനുസരണം എല്ലാവർക്കുമായി വീതിച്ചു" (ശ്ലീഹ 2,44-45). അതുപോലെതന്നെ പരിശുദ്ധ കുർബാനയിൽ കേന്ദ്രീകൃതമായ അപ്പംമുറിക്കലിലൂടെയും പ്രാർത്ഥനയിലൂടെയും സഭാസമൂഹം നിരന്തരം വചനം ആഘോഷിച്ചുകൊണ്ടിരിക്കുന്നു. ഇപ്രകാരം നിരന്തരമായ വചനസാന്നിദ്ധ്യം, സഭയിൽ ഉണ്ടായിരുന്നതുകൊണ്ടാവാം ശ്ലീഹന്മാർ തങ്ങളുടെ ശുശ്രൂഷയെക്കുറിച്ച് "ഞങ്ങൾ പ്രാർത്ഥനയിലും വചനശുശ്രൂഷയിലും നിരന്തരം വ്യാപരിച്ചുകൊള്ളാം" (ശ്ലീഹ 6,4) എന്നു പറഞ്ഞത്.

**സ്വീകരിക്കുന്ന വചനവും പ്രബോധനശുശ്രൂഷയും**

പ്രബോധനശുശ്രൂഷയിലൂടെ സഭയിൽ വചനം അനുസ്യൂതം സ്വീകരിക്കപ്പെടുന്നു. ഈ പ്രബോധനശുശ്രൂഷയിലൂടെയാണ് സഭ വിശ്വാസികളുടെ സമൂഹമായി കെട്ടിപ്പടുക്കപ്പെടുന്നത്. ഈ പ്രബോധനശുശ്രൂഷ പലവിധത്തിലാണ് സഭയിൽ നടക്കുന്നത്. വിശ്വാസപ്രഖ്യാപനം, മതബോധനം, ദൈവശാസ്ത്രവിചിന്തനം, വിശ്വാസപാരമ്പര്യം, ഔദ്യോഗികമായ സഭാപ്രബോധനങ്ങൾ എന്നിവയെല്ലാം സഭയിലെ വചനത്തിന്റെ സാന്നിദ്ധ്യത്തിന്റെയും ശുശ്രൂഷയുടെയും വിവിധ പ്രകാശനങ്ങളാണ്. ഈ വചനസ്വീകരണപ്രക്രിയയുടെ ഏകത്വവും വൈവിധ്യവുമാണ് 'സഭകളുടെ കൂട്ടായ്മയാണ് സഭ' എന്നതിന്റെ അടിസ്ഥാനം.



**ജീവിക്കുന്ന വചനവും അജപാലനശുശ്രൂഷയും**

സഭയിൽ അനുസ്യൂതം സ്വീകരിക്കപ്പെടുന്ന വചനം ജീവിക്കുന്നത് സഭയിലെ അജപാലന ശുശ്രൂഷയിലൂടെയാണ്. സഭയിലെ അജപാലനപരവും ഹയരാർക്കിപരവുമായ നേതൃത്വം, വചനം ജീവിക്കുവാൻ വിളിക്കപ്പെട്ട സമൂഹത്തിന്റെ ശുശ്രൂഷയ്ക്കുവേണ്ടിയുള്ളതാണ്. അപ്രകാരമാണ് ഒരു കൂട്ടായ്മയായി സഭാസമൂഹം കെട്ടിപ്പടുക്കുന്നത്. പരസ്പരം സ്നേഹിക്കുകയും പങ്കുവയ്ക്കുകയും ചെയ്യുന്ന സമൂഹമാണെന്നതാണ് വചനം ജീവിക്കുന്ന ഈ സമൂഹത്തിന്റെ സവിശേഷത. സഭയുടെ ശിക്ഷണക്രമം, ആദ്ധ്യാത്മികത, പ്രത്യേകനിയമങ്ങൾ, അധികാരസംവിധാനം എന്നിവയെല്ലാം വചനത്തിന്റെ സാന്നിദ്ധ്യത്തിന്റെയും ശുശ്രൂഷയുടെയും വിവിധ പ്രകാശനങ്ങളാണ്. വചനം ജീവിക്കുന്ന പ്രക്രിയയിലുള്ള ഐക്യവും വൈവിധ്യവുമാണ് സഭകളുടെ കൂട്ടായ്മയായ സഭയുടെ അടിസ്ഥാനം.

**ആഘോഷിക്കപ്പെടുന്ന വചനവും കൂദാശാപരമായ ശുശ്രൂഷയും**

സ്വീകരിക്കപ്പെടുകയും ജീവിക്കുകയും ചെയ്യുന്ന വചനം, വിശുദ്ധീകരിക്കുന്ന കൂദാശകളിലൂടെ സഭയിൽ പരികർമ്മം ചെയ്യപ്പെടുകയും ആഘോഷിക്കപ്പെടുകയും ചെയ്യുന്നു. സഭയിൽ സന്നിഹിതമായിരിക്കുന്ന വചനത്തിന്റെ ആഘോഷമാണ് ആരാധനക്രമം. ആരാധിക്കുന്ന ഒരു സമൂഹമായി സഭയെ കെട്ടിപ്പടുക്കുക എന്നതാണ് കൂദാശാശുശ്രൂഷയുടെ ലക്ഷ്യം. മാംസം ധരിച്ച വചനമായ സഭയുടെ ഏറ്റം ഉദാത്തമായ പ്രകാശനമാണ് പരിശുദ്ധ കുർബാനയുടെ ആഘോഷം. ആരാധനക്രമാഘോഷങ്ങളുടെ ഏകത്വവും വൈവിധവും പ്രകടിപ്പിക്കുന്നത് സഭ വിവിധ സഭകളുടെ കൂട്ടായ്മയാണ് എന്ന യാഥാർത്ഥ്യമാണ്.

**പ്രത്യുത്തരിക്കപ്പെടുന്ന വചനവും പ്രാർത്ഥനയും**

നടപടി 2,42 ൽ ആദിമസഭ 'പ്രാർത്ഥനയിൽ സദാ പങ്കുചേർന്നിരുന്നു' എന്നു പറഞ്ഞിരിക്കുന്നത് യാമപ്രാർത്ഥനകളെക്കുറിച്ചാണ്. 'പ്രാർത്ഥന എന്നിവയിൽ' എന്നു മലയാളത്തിൽ വിവർത്തനം ചെയ്തിരിക്കുന്നത് ഗ്രീക്കുഭാഷയിലെ 'നിശ്ചിതപ്രാർത്ഥനകൾ എന്നിവയിൽ' എന്ന വാക്കുകളാണ്. അതുകൊണ്ട് യാമപ്രാർത്ഥനകളും സഭയിൽ ആഘോഷിക്കപ്പെടുന്ന വചനത്തിന്റെ പ്രകാശനമാണ്. "ഒരു ദിവസം ഒമ്പതാം മണിക്കൂറിലെ പ്രാർത്ഥനയ്ക്ക് പത്രോസും യോഹന്നാനും ദൈവാലയത്തിലേക്കു പോവുകയായിരുന്നു" (ശ്ലീഹ 3,1) എന്നു പറയുന്നത് ഇതിന്റെ സൂചനയാണ്. അതുകൊണ്ട് യാമപ്രാർത്ഥനകളും സഭയിൽ സന്നിഹിതമായിരിക്കുന്ന വചനമായ മിശിഹായ്ക്ക് സഭാസമൂഹം നൽകുന്ന പ്രത്യുത്തരമാണ്. സഭയിലെ കൂദാശാപരമായ ശുശ്രൂഷയുടെ ഒരു പ്രകാശനമാണ് യാമപ്രാർത്ഥനകൾ.

**വചനശുശ്രൂഷയും സഭാകൂട്ടായ്മയും**

മേൽ വിവരിച്ചതുപോലെ നാലു വിധത്തിലുള്ള വചനത്തിന്റെ സാന്നിദ്ധ്യവും ശുശ്രൂഷകളും സാർവ്വത്രിക സഭയെ വ്യക്തിസഭകളുടെ കൂട്ടായ്മയായി കെട്ടിപ്പടുക്കുന്നു. സഭാംഗങ്ങളായ നാം സഭാത്മകജീവിതത്തിന്റെ ഈ സ്വഭാവം മനസ്സിലാക്കി അതിനനുസൃതമായി സഭാത്മകജീവിതം നയിച്ചാൽ മാത്രമേ നമ്മുടെ ക്രിസ്തീയജീവിതം യഥാർത്ഥമായ ക്രിസ്തീയജീവിതമാവുകയുള്ളൂ. സഭയുടെ പ്രബോധനങ്ങൾ സ്വീകരിക്കുകയും, സഭയുടെ ശിക്ഷണക്രമാനുസൃതം ജീവിക്കുകയും സഭയുടെ കുർബാനയർപ്പണത്തിലും യാമപ്രാർത്ഥനകളിലും സജീവമായി പങ്കുചേരുകയും ചെയ്തുകൊണ്ട് യഥാർത്ഥമായ സഭാത്മകജീവിതം നയിക്കുവാൻ നമുക്കു സാധിക്കണം. അപ്പോഴാണ് ക്രിസ്തീയജീവിതം അതിന്റെ തനിമയിൽ ജീവിക്കുവാൻ നമുക്കു കഴിയുന്നത്. അപ്രകാരം സഭാത്മകജീവിതം നയിക്കുവാൻ ഈ കൈത്താക്കാലത്തിൽ നമുക്ക് ആത്മാർത്ഥമായി പരിശ്രമിക്കാം.

# കൈത്താക്കാലം

ഡോ. ആൻഡ്രൂസ് മേക്കാട്ടുകുന്നേൽ
പാലാ രൂപത

**ജോഷ്വായും ഈശോയും**

ദൈവം ഇസ്രായേൽജനത്തെ മെസ്രേനിലെ അടിമത്തത്തിൽനിന്നു വിമോചിപ്പിച്ചു വാഗ്ദത്തദേശത്തേക്കു കൊണ്ടുവന്നപ്പോൾ, കാനാൻദേശത്തിന്റെ അതിർത്തിയിലെ ജോർദ്നാൻനദി എപ്രകാരം കടക്കും എന്നത് വലിയ പ്രശ്നമായിരുന്നു. ദൈവമാണ് ജോഷ്വായ്ക്കു പരിഹാരം നിർദേശിച്ചു നല്കിയത്: ദൈവസാന്നിദ്ധ്യത്തിന്റെ അടയാളമായ വാഗ്ദാനപേടകം വഹിച്ചിരുന്ന പുരോഹിതന്മാർ നദിയിൽ നിശ്ചലരായി നില്ക്കുമ്പോൾ വെള്ളത്തിന്റെ ഒഴുക്കു നിലയ്ക്കുകയും അതു ചിറപോലെ കെട്ടിനില്ക്കുകയും ചെയ്യും. ദൈവം നിർദേശിച്ചതുപോലെ അവർ പ്രവർത്തിച്ചപ്പോൾ, വരണ്ടനിലത്തുകൂടെ എന്നപോലെ ജനത്തിന് ജോർദ്നാൻനദി കടക്കാനായി (ജോഷ്വാ 3,1-17). വാഗ്ദത്തഭൂമിയിൽ കാലുകുത്തിയ ഇസ്രായേൽജനത്തോട്, ഈ അത്ഭുതകരമായ ദൈവിക ഇടപെടലിന്റെ ഓർമ എന്നന്നേക്കും ജനത്തിനിടയിൽ നിലനിർത്താനായി, ജോർദ്നാൻനദിയിൽ നിന്നെടുത്ത കല്ലുകൾകൊണ്ട് ഒരു സ്മാരകം നിർമിക്കാൻ ദൈവം കല്പിക്കുന്നതാണ് കൈത്താക്കാലം ആരംഭിക്കുന്ന ഞായറാഴ്ച പഴയനിയമത്തിൽനിന്നുള്ള രണ്ടാമത്തെ വായന (ജോഷ്വാ 4,1-9). ദൈവം നിർദേശിച്ചതനുസരിച്ച്, പന്ത്രണ്ടു ഗോത്രങ്ങളിലുംനിന്ന് ഓരോരുത്തർ, ജോർദ്നാൻ



നദിയുടെ നടുവിൽ വാഗ്ദാനപേടകം വഹിച്ചുകൊണ്ടു പുരോഹിതന്മാർ നിന്നിരുന്ന സ്ഥലത്തുനിന്നും ഓരോ കല്ലുവീതം കൊണ്ടുവന്നു. ജോഷ്വാ ആ കല്ലുകൾകൊണ്ട് ജറീക്കോയുടെ കിഴക്കേ അതിർത്തിയിലുള്ള ഗിൽഗാലിൽ ഒരു സ്മാരകം നിർമിച്ചു (4,15-24). അത്ഭുതകരമായി ദൈവം ഇസ്രായേൽജനതയുടെ ജീവൻ രക്ഷിച്ചതിന്റെ സ്മാരകമായിരുന്നത്. യാക്കോബിന്റെ പന്ത്രണ്ടു പുത്രന്മാരുടെ സന്തതി പരമ്പരയാണല്ലോ ഇസ്രായേൽജനമായി രൂപാന്തരപ്പെട്ടത് (ആദ്യവായന, ഉല്പത്തി 35,23-29).

ജോഷ്വാ ലോകരക്ഷകനായ ഈശോമിശിഹായുടെ മുൻകുറിയായിരുന്നു. 'ഈശോ' എന്ന പേരു തന്നെയും 'ജോഷ്വാ'/'യെഹോഷ്വാ' എന്ന ഹീബ്രുനാമത്തിന്റെ അറമായ രൂപമാണ്. ഈ പേരിന്റെ അർത്ഥമാകട്ടെ, 'യാഹ്‌വെ രക്ഷകനാകുന്നു' എന്നും. ജോർദ്നാനിലെ ഈശോയുടെ മാമോദീസാ നമ്മുടെ ഓരോരുത്തരുടെയും മാമോദീസായുടെ മുന്നോടിയാണ്. അവിടുത്തെ മാമോദീസാ തന്നെയും മനുഷ്യവർഗത്തിന്റെ രക്ഷയ്ക്കു നിദാനമായ അവിടുത്തെ സഹന-മരണോത്ഥാനങ്ങളുടെ തുടക്കമായിരുന്നല്ലോ. ദൈവശാസ്ത്രജ്ഞരിൽ അഗ്രഗണ്യനായ ഒരിജന്റെ അഭിപ്രായത്തിൽ, നമ്മൾ മാമോദീസാ മുങ്ങുമ്പോൾ രക്ഷകനായ ഈശോ നമ്മെ സ്വർഗമാകുന്ന വാഗ്ദത്തദേശത്തേക്കു നയിക്കുകയാണ്. ഈ ഭൂമിയിലെ അവിടുത്തെ തുടർച്ചയായ തിരുസഭയിൽ നമ്മെ അംഗങ്ങളാക്കിക്കൊണ്ടാണല്ലോ അവിടുന്ന് ഇതു നിർവഹിക്കുന്നത്.

മിശിഹായുടെ രക്ഷണീയകർമത്തിന്റെ ഈ ഭൂമിയിലെ ശാശ്വതമായ സ്മാരകമാണ് അവിടുത്തെ മൗതികശരീരമായ തിരുസഭ. തിരുസഭയിലെ കൂദാശകളും സവിശേഷമാംവിധം പരിശുദ്ധ കുർബാനയും രക്ഷയുടെ ജീവനുള്ള സ്മാരകങ്ങളായി നിലകൊള്ളുന്നു. സ്ലീവായുടെയും ഐക്കണുകളുടെയും മറ്റും പ്രസക്തി ഇവിടെയാണു വെളിവാകുന്നത്. ഈശോയിൽ നിറവേറിയ രക്ഷാരഹസ്യത്തെ എല്ലാക്കാലത്തുമുള്ളവരെ അനുസ്മരിപ്പിക്കുന്നവയാണ് അവ.

**മിശിഹായുടെ മണവാട്ടിയായ തിരുസഭ**

പുതിയനിയമത്തിലെ ആദ്യവായനയിൽ വെളിപാടു പുസ്തകത്തിൽ നമ്മൾ കാണുന്നത് സ്വർഗത്തിൽനിന്ന്, ദൈവസന്നിധിയിൽനിന്ന് ഇറങ്ങിവരുന്ന കുഞ്ഞാടിന്റെ മണവാട്ടിയായ, വിശുദ്ധനഗരിയായ ഓർശ്ലേമിനെയാണ് (21,9-21). ദൈവകുഞ്ഞാടായ മിശിഹായുടെ മണവാട്ടി തിരുസഭയാണല്ലോ. ദൈവിക തേജസിൽ വിരാജിക്കുന്ന ഈ വിശുദ്ധനഗരിയുടെ പന്ത്രണ്ടു കവാടങ്ങളിൽ ഇസ്രായേലിലെ പന്ത്രണ്ടു ഗോത്രങ്ങളുടെ പേരുകളാണ് ആലേഖനം ചെയ്യപ്പെട്ടിട്ടുള്ളത്; അതിന്റെ പന്ത്രണ്ട് അടിസ്ഥാനങ്ങളിൽ, കുഞ്ഞാടിന്റെ പന്ത്രണ്ടു ശ്ലീഹന്മാരുടെ പേരുകളും. പഴയനിയമ ദൈവജനമായ ഇസ്രായേലിന്റെ തുടർച്ചയും പൂർത്തീകരണവുമായ തിരുസഭ (പുതിയനിയമ ദൈവജനം) ആണ് പ്രതീകാത്മകായി ഇവിടെ അവതരിപ്പിക്കപ്പെടുന്നത്. ഈ തിരുസഭയുടെ രൂപീകരണത്തിൽ ശ്ലീഹന്മാരുടെ സാക്ഷ്യം എത്രയോ പ്രധാനപ്പെട്ടതാണ് എന്നതു സുവിദിതമാണ്.

ആരാധനാവത്സരത്തിൽ, ശ്ലീഹാക്കാലത്തിനുശേഷം വരുന്ന കൈത്താക്കാലം ശ്ലീഹന്മാരുടെ പ്രഘോഷണവും സാക്ഷ്യം വഹിക്കലും ഫലമണിയുന്നതിനെയാണ് അനുസ്മരിപ്പിക്കുന്നത്. അവരുടെ സുവിശേഷ പ്രഘോഷണത്തിന്റെയും ഉത്ഥാനത്തിനുള്ള സാക്ഷ്യം വഹിക്കലിന്റെയും ഫലമായാണല്ലോ തിരുസഭ ജന്മമെടുത്തതും വളർന്നതും. നമുക്കു സുവിശേഷസന്ദേശം എത്തിച്ചു നല്കിയ തോമാശ്ലീഹായെയും അതു കൈമാറിത്തന്ന നമ്മുടെ പൂർവികരെയും നമ്മൾ അനുസ്മരിക്കേണ്ടതുണ്ട്.

**ഈശോ നമ്മെയും അയയ്ക്കുന്നു**

കൈത്താക്കാലം ഒന്നാം ഞായറാഴ്ചയിലെ സുവിശേഷഭാഗം ഈശോ തന്റെ പന്ത്രണ്ടു ശ്ലീഹന്മാരെ തന്റെതന്നെ ദൗത്യവുമായി അയയ്ക്കുന്നതാണ് (മത്താ 10,1-5). ഈ ഭാഗം തൊട്ടുമുമ്പുള്ള സുവിശേഷഭാഗവുമായി ബന്ധിപ്പിച്ചു വേണം മനസിലാക്കാൻ. മത്താ 9,35-37ൽ ഈശോയുടെ പരസ്യജീവിതത്തിന്റെ ഒരു ചുരുക്ക വിവരണമാണ്. അവിടുന്ന് എല്ലാ പട്ടണങ്ങളിലും ഗ്രാമങ്ങളിലും ചുറ്റിസഞ്ചരിച്ച് സിനഗോഗുകളിൽ പഠിപ്പിക്കുകയും സ്വർഗരാജ്യത്തിന്റെ സുവിശേഷം പ്രസംഗിക്കുകയും എല്ലാവിധ രോഗങ്ങളും വ്യാധികളും സുഖപ്പെടുത്തുകയും ചെയ്തു. ഇതേകാര്യം തന്നെ തുടരാനാണ് ശ്ലീഹന്മാരെ അവിടുന്ന് അയച്ചത് (10,1-2). തനിക്കു ചുറ്റും കൂടിയിരുന്ന ജനക്കൂട്ടങ്ങളെ കണ്ട് അനുകമ്പ തോന്നിയതുകൊണ്ടാണ് ഈശോ ഇപ്രകാരം അവരെ നിയോഗിച്ചത്.

ഈശോ അന്നു ശ്ലീഹന്മാരെ ഭരമേല്പിച്ച അതേ ദൗത്യമാണ് ഇന്നു നമുക്കുമുള്ളത്. ഈശോ ദൈവമാണ്, വാഗ്ദാനം ചെയ്യപ്പെട്ട രക്ഷകനായ മിശിഹായാണ് എന്ന സുവിശേഷം ഇന്നത്തെ ലോകത്തോടു പ്രഘോഷിക്കാൻ വിളിക്കപ്പെടുകയും അയയ്ക്കപ്പെടുകയും ചെയ്യുന്നവരാണ് നമ്മൾ ഓരോരുത്തരും. നമ്മുടെ ജീവിതസാക്ഷ്യം കൊണ്ടും വാക്കുകൾകൊണ്ടും ഈ സാക്ഷ്യം നിർവഹിക്കേണ്ടതുണ്ട്. നമുക്കു ചുറ്റുമുള്ളവരുടെ വേദനയിലും സഹനത്തിലും രോഗത്തിലും അനുകമ്പയോടെ പങ്കുചേരുവാൻ നമ്മൾ അയയ്ക്കപ്പെടുന്നത് ഈ സുവിശേഷ പ്രഘോഷണത്തിന്റെ ഭാഗമാണ്. നമ്മാൽ കഴിയുംവിധം അവരെ സഹായിക്കാനും അതുവഴി അവരുടെ വേദന കുറയ്ക്കാനും നമുക്കു കടമയുണ്ട്. ഈ ദൗത്യം നമ്മൾ നിർവഹിക്കുമ്പോൾ സ്വർഗരാജ്യത്തിന്റെ സുവിശേഷപ്രഘോഷണം ഫലം ചൂടുകയാണ്; തിരുസഭ വളരുകയാണ്.

"പ്രേഷിതപ്രവർത്തനം എന്നത് ദൈവനിശ്ചയത്തിന്റെ പ്രകടനമല്ലാതെ മറ്റൊന്നോ അതിൽക്കുറഞ്ഞ ഒന്നുവോ അല്ല. അഥവാ ലോകത്തിലും അതിന്റെ ചരിത്രത്തിലുമുള്ള അതിന്റെ പ്രത്യക്ഷീകരണാഘോഷവും പൂർത്തീകരണവുമാണ്. ഇതിൽ ദൈവം പ്രേഷിതത്വംവഴി രക്ഷയുടെ ചരിത്രം വ്യക്തമായി പൂർത്തീകരിക്കുന്നു. വചനത്തിന്റെ പ്രസംഗവും കൂദാശകളുടെ, പ്രത്യേകിച്ച് അതിന്റെ കേന്ദ്രവും ഉച്ചകോടിയുമായ അതിപരിശുദ്ധ കുർബാനയുടെ ആഘോഷവും രക്ഷയുടെ കർത്താവായ മിശിഹായെ സന്നിഹിതനാക്കുന്നു. ഇതുവഴി ജനപദങ്ങളുടെയിടയിൽ ദൈവസാന്നിദ്ധ്യത്തിന്റെ രഹസ്യങ്ങൾ എന്നതുപോലെ കാണപ്പെട്ടിരുന്ന സത്യത്തിന്റെയും കൃപയുടെയും സ്ഫുലിംഗങ്ങൾ തിന്മയുടെ സ്പർശനത്തിൽനിന്നു സ്വതന്ത്രമാക്കി, അതിന്റെ ഉടയവനായ മിശിഹായിലേക്ക് പ്രത്യാഗമിപ്പിക്കുകയും അവിടുന്ന് സാത്താന്റെ സാമ്രാജ്യം തകർത്ത് തിന്മയുടെ വിവിധ രൂപത്തിലുള്ള മാലിന്യങ്ങൾ തടഞ്ഞുനിർത്തുകയും ചെയ്യുന്നു".

(രണ്ടാം വത്തിക്കാൻ കൗൺസിൽ, പ്രേഷിതപ്രവർത്തനം 9)



# മധുരിതം നിൻ നാമം

അവികല സഹനത്തെ അനുഗ്രഹമാക്കിയ
അൽഫോൻസാ തായേ നിൻ നാമം മധുരിതം
ആയിരമായിരം നാവുകൾ വാഴ്ത്തുന്നു
അനശ്വര സ്നേഹത്തിൽ ആനന്ദവായ്പോടെ

ഭാരതസഭ തന്റെ ആരാമ മലരല്ലേ
ഭരണങ്ങാനത്തിൻ അഭിമാനസൂനവും
ഭക്തി വണക്കങ്ങൾ അർപ്പിക്കാനെത്തുന്നോർ
ഭാസുരഭാവിക്കായ് അർത്ഥനയേകുന്നു

വാടി തളർന്നലിഞ്ഞ് എത്തുന്നവർക്കെന്നും
വാത്സല്യമോടേകും, സാന്ത്വന സ്പർശനം
വിശ്വാസയാത്രയിലേറ്റം പരിശുദ്ധി
വാരിവിതറുന്നനുഗ്രഹ സാന്നിധ്യം

സഹനത്തെ സാന്ത്വനവീചിയായ് തീർത്തു നീ
സന്തോഷമോടെല്ലാം നാഥനായർപ്പിച്ചു
സുഖദുഃഖ വേർതിരിവില്ലാതെയെപ്പോഴും
സ്വന്തമായി നാഥനോടൊപ്പം ഇരുന്നു നീ

കുരിശിലെ സഹനത്തിൽ കുറവുകൾ നീക്കിയ
കർത്താവിനുത്തമ സഹനത്തിൻ പുത്രി നീ
കണ്ണീർ കണങ്ങളെ മണിമുത്തായ് തീർത്തൊരാ
കർമ്മ വിശുദ്ധിയും പ്രാർത്ഥനയാഗവും

സ്വർലോക നാടിനെ ദർശിക്കാനുത്തമ-
കിളിവാതിലും നീ വിശുദ്ധയാം അൽഫോൻസാ
സഹനത്തെ വിശ്വാസമോടെന്നും പുൽകുവാൻ
സഹചരാം ഞങ്ങൾക്കായി പ്രാർത്ഥനയേകണേ.



അനിത ആത്രശ്ശേരിൽ
അപ്പസ്തോലിക് ഒബ്ലേറ്റ്സ്



# വിളക്കുപോലെ

**മെർലിറ്റ് അഞ്ചാനിക്കൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

**ദാ**രിദ്ര്യം ചേക്കേറിയ കുടുംബത്തിന്റെ ഏക ആശ്രയമായ തോമസുകുട്ടിയുടെ ചിരകാല സ്വപ്നമായിരുന്നു തന്റെ കുടുംബത്തെ കരകയറ്റുക എന്നതും കഷ്ടപ്പെടുന്ന മറ്റു മനുഷ്യർക്ക് ഒരു കൈത്താങ്ങു നൽകുന്ന ഏതെങ്കിലും ഒരു സംരംഭം തുടങ്ങുക എന്നതും. പക്ഷേ ഒരു സെന്റ് ഭൂമിപോലും ഇല്ലാത്ത തനിക്ക് അതിനാവില്ല എന്ന ചിന്ത അവനെ ഏറെ വേദനിപ്പിച്ചു. അങ്ങനെയിരിക്കെയാണ് പഞ്ചായത്തിൽനിന്നും നിർധനകുടുംബങ്ങൾക്കായി വിതരണം ചെയ്ത പശുക്കിടാങ്ങളിൽ ഒന്നിനെ അയാൾക്കും ലഭിച്ചത്. അതിനെ അയാളും കുടുംബവും ഓമനിച്ചു വളർത്തി വലുതാക്കി, ചെറിയ തോതിൽ കറവയും ആരംഭിച്ചു. കിട്ടുന്ന തുച്ഛമായ വരുമാനം ഒന്നിനും മതിയാവില്ലെങ്കിലും തോമസുകുട്ടിയുടെ പ്രതീക്ഷകൾക്കു ചിറകുമുളച്ചു. ഒരു ചെറിയ ഫാം തുടങ്ങുക എന്ന ആഗ്രഹത്തോടെ ധനസഹായത്തിനായി സർക്കാർ ഓഫീസുകൾ അയാൾ കയറിയിറങ്ങി. ഏറെ നാളത്തെ പരിശ്രമശേഷം മൂന്നു നാലു പശുക്കളെ തരപ്പെടുത്തി ഫാമിന്റെ പ്രവർത്തനം തുടങ്ങി. പിന്നീട് അത് വളർന്ന് ആ നാട്ടിലെ ധാരാളം ആളുകൾക്ക് അത്താണിയായിത്തീർന്ന വലിയ ഒരു സംരംഭമായി മാറി.

നോക്കുക, ഒരു മനുഷ്യന്റെ മനസ്സിൽ മുളപൊട്ടിയ നന്മയുടെ കിരണങ്ങൾ അനേകർക്ക് സാന്ത്വനമായി മാറിയെങ്കിൽ ഓരോ ക്രൈസ്തവനും ഈശോയിലൂടെ വെളിപ്പെടുത്തപ്പെട്ട രക്ഷയുടെ സുവിശേഷം ജീവിതംകൊണ്ടു പകർന്നുനൽകുവാൻ എത്രയധികം ശ്രമിക്കേണ്ടതുണ്ട്? ഫലം ചൂടി നിൽക്കുന്ന നല്ല വൃക്ഷങ്ങളായി, ഈശോയുടെ സ്നേഹത്തിന്റെ നല്ല വാർത്ത അറിയിക്കുന്ന വ്യക്തികളായി നാം മാറുകയാണ് വേണ്ടത്. "നിങ്ങൾ ലോകത്തിന്റെ വെളിച്ചമാണ്" എന്ന് ഈശോ പറയുമ്പോൾ കത്തിച്ചുവച്ച വിളക്കിന് സമാനമായിരിക്കണം തന്റെ ശിഷ്യൻ എന്ന് അവിടുന്ന് വ്യക്തമാക്കിത്തരികയാണ്. അവിടുന്നു പറയുന്നു: "മനുഷ്യർ നിങ്ങളുടെ സത്പ്രവൃത്തികൾ കണ്ട്, സ്വർഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്ത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ" (മത്താ 5,16). ഈശോയുടെ ഈ ഓർമ്മപ്പെടുത്തൽ ക്രൈസ്തവജീവിതത്തിന്റെ അന്തഃസത്തയായി മാറണം. മറ്റുള്ളവർക്കായി സ്നേഹത്തിന്റെ, കാരുണ്യത്തിന്റെ, കരുതലിന്റെ, സാന്ത്വനത്തിന്റെ ഒക്കെ വെളിച്ചം നമ്മിലൂടെ ലോകത്തിൽ പ്രസരിക്കണമെന്നാണ് ഈശോ ആഗ്രഹിക്കുന്നത്.

വിശുദ്ധ ശ്ലീഹന്മാരിലൂടെ കൈമാറപ്പെട്ടു കിട്ടിയ നമ്മുടെ കർത്താവിന്റെ സ്നേഹത്തിന്റെ സുവിശേഷം വളർന്നു ഫലം ചൂടി ലോകം മുഴുവനും നിറയപ്പെടണമെന്ന് സഭാമാതാവ് നമ്മെ അനുസ്മരിപ്പിക്കുന്നു. ഭൂമിക്കു വളമായിത്തീരുകയും ഭക്ഷണത്തിന് രുചി പകരുകയും ചെയ്യുന്ന ഉപ്പുപോലെ സ്വാർത്ഥലേശമില്ലാതെ സ്വയം ഇല്ലാതാകാൻ നമുക്ക് കഴിയുന്നിടത്താണ് മിശിഹായെ അനുഗമിക്കുന്നവർ എന്ന നിലയ്ക്ക് അനേകർക്ക് പ്രത്യാശയുടെയും രക്ഷയുടെയും വഴി തുറക്കാൻ നമുക്കു സാധിക്കുക. "വിളക്കു കൊളുത്തി ആരും നിലവറയിലോ പറയുടെ കീഴിലോ വയ്ക്കാറില്ല. അകത്തു പ്രവേശിക്കുന്നവർക്ക് വെളിച്ചം കാണാൻ പീഠത്തിന്മേലാണ് വയ്ക്കുന്നത്" (ലൂക്കാ 11,33). ഇരുളിനെ മായ്ക്കുന്ന നിറദീപത്തിന്റെ സാന്നിധ്യമായി മാറണം നാമോരുത്തരും. ലോകത്തിന്റെ മുറിവേറ്റ ഹൃദയത്തിന് ആശ്വാസമാകുവാനും അന്യംനിന്നു പോകുന്ന വിശ്വാസത്തിന്റെ വഴികളിൽ പ്രതീക്ഷയുടെ പുലർവെട്ടം നൽകാനും പാപത്തിന്റെ അടിമത്തം വരിഞ്ഞുമുറുക്കിയ ജീവിതങ്ങൾക്ക് പുതുജീവൻ നൽകാനും സാധിക്കണമെങ്കിൽ ക്രൈസ്തവരായ നാം ദൈവത്തിന്റെ ഹൃദയത്തോട് ഒട്ടിനിൽക്കുന്ന പ്രാർത്ഥനയുടെ മനുഷ്യരാകണം എന്ന കാര്യവും നാം മറന്നുകൂടാ. തിന്മയും സ്വാർത്ഥതയും വഞ്ചനയും നിറഞ്ഞ ലോകത്തിന്റെ ഹൃദയത്തിൽ കൊളുത്തിവച്ച വെളിച്ചത്തിന്റെ നുറുങ്ങുകളാകാൻ നമുക്ക് ആഗ്രഹിക്കാം. ദൈവം നമുക്കു നൽകിയ താലന്തുകളെ നമുക്കായിത്തന്നെ സൂക്ഷിക്കാതെ സൗജന്യദാനമായി നൽകാൻ, ദൈവകൃപയുടെ വാഹകരായി മാറുവാൻ നമുക്ക് സാധിക്കട്ടെ.



## നിന്നെയും വിളിക്കുന്നു.....

- നിന്റെ സ്നേഹം ആവശ്യമുള്ള ഒരു ലോകത്തിലേക്ക്....
- വിശുദ്ധിയിലേക്ക് നമ്മെ വിളിച്ചിരിക്കുന്ന ദൈവപിതാവിന്റെ വ്യവസ്ഥയില്ലാത്ത സ്നേഹം വചനാനുഭവത്തിലൂടെ പങ്കുവയ്ക്കുവാൻ....
- കർമ്മമാർഗ്ഗത്തിലൂടെ ഈശ്വരാനുഭവത്തിലേക്ക് മനുഷ്യമക്കളെ കൂട്ടിക്കൊണ്ടുവരാൻ....

**ഇതാ നിന്റെ മുമ്പിൽ വെല്ലുവിളിയുടെ ഒരു ജീവിതം....**

**Vocation Promoter, Apostolic Oblates, Spirituality Centre**
**Manganam P.O., , Kottayam - 686 018, Ph: 9400573640**



# ഒരു ചുമയും പിന്നെ ഒരു ഡോക്ടറും

ജിജി പുല്ലത്തിൽ
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

**കാ**ഴ്ചയുടെ പരിമിതിയിൽ മോട്ടിവേഷൻ സ്പീക്കറായും വചനപ്രഘോഷകയായും റിസോഴ്സ് പേഴ്സണായും ആകർഷകമായ ശബ്ദത്താൽ ജീവിതം ആഘോഷിച്ചവൾക്ക് സ്വർഗ്ഗീയപിതാവു നൽകിയ സ്വർഗ്ഗീയസമ്മാനമായിരുന്നു "നാവിലെ കാൻസർ". സർജറിക്കു ശേഷമുള്ള മുപ്പതു റേഡിയേഷനുകൾ.... ഇരുപത്തഞ്ചാമത്തെ റേഡിയേഷനുശേഷം ഡോക്ടറെ കാണാനുള്ള ഊഴത്തിനായി അവൾ കാത്തിരിക്കുകയാണ്. പുറത്തു ചുട്ടുപൊള്ളുന്ന ചൂട്!!! അകത്ത് റേഡിയേഷന്റെ പൊള്ളൽ!!! അതിശക്തമായ ചുമ അവൾക്കു സമ്മാനിച്ചത് ഉറക്കമില്ലാത്ത രാപകലുകളായിരുന്നു. എത്ര ശ്രമിച്ചിട്ടും നിയന്ത്രിക്കാൻ പറ്റാത്ത അവളുടെ ചുമ 'അകത്ത്' മറ്റൊരു രോഗിയെ പരിശോധിച്ചുകൊണ്ടിരുന്ന റേഡിയോളജിസ്റ്റ് ഡോ. ടെനി ജോസഫ് കേട്ടു. പുറത്തേക്കു വന്ന ഡോക്ടർ അവളുടെ പേരുവിളിച്ച് തോളിൽതട്ടി സ്നേഹശാസനയോടെ പറഞ്ഞു "ഇത്രയും ഉറക്കെ ചുമയ്ക്കരുത്. തൊണ്ടയിലെ തൊലി പോകും. ശബ്ദഗ്രന്ഥിക്ക് പ്രശ്നമാകും". തുടർന്ന് വിദഗ്ധപരിശോധനയ്ക്കായി മറ്റൊരു ഡോക്ടറുടെ അടുത്തേക്ക് പറഞ്ഞയ്ക്കുകയും അവൾ തിരിച്ചുവരുന്നതുവരെ കാത്തിരുന്ന് വീണ്ടും വിലയിരുത്തലിനുശേഷം മരുന്നു നൽകുകയും ചെയ്തു. തുടങ്ങിയാൽ മാസങ്ങൾ നീണ്ട ചികിത്സയ്ക്കും ആശുപത്രിവാസത്തിനുംശേഷം മാറുന്ന ചുമ, ഡോക്ടർ നൽകിയ മരുന്ന് രണ്ടുനേരം കഴിച്ചപ്പോഴേ മാറിയപ്പോൾ നന്ദി നിറഞ്ഞ ഹൃദയത്തോടെ അവൾ ഓർത്തത് പുറത്തിരുന്ന തന്റെ രോഗാവസ്ഥ 'അകത്തിരുന്ന്' മനസ്സിലാക്കിയ ഡോക്ടറുടെ അനിതര സാധാരണമായ ആത്മാർത്ഥതയെക്കുറിച്ചാണ്. തന്നെ ഭരമേൽപ്പിച്ചിരിക്കുന്ന ഓരോ രോഗിയുടെയും സൗഖ്യത്തിനായി ഓരോ ഡോക്ടറും നൽകുന്ന വ്യക്തിപരമായ ശ്രദ്ധയെക്കുറിച്ച് ആലോചനാനിമഗ്നയായ അവളുടെ ആന്തരിക നേത്രങ്ങൾ തുറന്നത് തന്റെ 'അകത്തിരിക്കുന്നവന്റെ', 'ഉള്ളിലിരിക്കുന്നവന്റെ' അപരിമേയമായ അത്ഭുതശക്തിയിലേക്കാണ്. "നിങ്ങളുടെ ഉള്ളിലുള്ളവൻ ലോകത്തിലുള്ളവനേക്കാൾ വലിയവനാണ്" (1 യോഹ 4,4).

അന്നത്തെ വിശുദ്ധ കുർബാനയിൽ തന്റെ പൊള്ളിയ നാവിലൂടെ ദിവ്യകാരുണ്യമായി തന്റെ ഉള്ളിലേക്കു വന്നവനോട് അവൾ ചോദിച്ചു. "നീയെന്റെ ഉള്ളിലേക്കു വന്നില്ലേ. ഇനി 'ഞാൻ' ഞാനല്ലല്ലോ 'നീയല്ലേ' . എന്റെ കാൻസർ എന്റേതല്ലല്ലോ, നിന്റേതല്ലേ. എന്റെ വേദന നിന്റേതല്ലേ.. ഓരോ ചുമയ്ക്കുശേഷവും കാഴ്ചയുടെ ബുദ്ധിമുട്ടുകൊണ്ടുണ്ടാകുന്ന തീ ഗോളങ്ങളും തുടർന്നുവരുന്ന കാഴ്ചയും നീയറിയുന്നുണ്ടല്ലോ. ഇതിനൊരു പരിഹാരമില്ലേ?"....

അവൾ തിരിച്ചറിഞ്ഞു, 'അകത്തിരുന്നവന്റെ' അപരിമേയമായ ശക്തിയാണ് 'അകത്തിരുന്ന ഡോക്ടറിലേക്ക്' പ്രവഹിച്ച് പരിഹാരമായതെന്ന്.

സുഹൃത്തേ, നീ ഇന്ന് അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും പ്രതിസന്ധികളും നിനക്കോ മറ്റുള്ളവർക്കോ പരിഹരിക്കാനാവാത്തതാകാം. മാരകമാറാരോഗങ്ങൾ ദുരിതക്കയത്തിലേക്ക് നിന്നെ തള്ളിയിട്ടേക്കാം. സാമ്പത്തികബുദ്ധിമുട്ടുകളിൽ നീ നട്ടം തിരിയുന്നുണ്ടാവാം. മക്കളെപ്പറ്റിയുള്ള ആകുലതകൾ നിനക്കു സമ്മാനിക്കുന്ന ഉറക്കമില്ലാത്ത രാപകലുകൾ.... ജീവിതപ്രതിസന്ധികളിൽ "ഇനി എന്ത്" എന്ന ചോദ്യവുമായി നീ നട്ടം തിരിയുമ്പോൾ പരിഹാരത്തിനായി നീ തിരിയേണ്ടത് ലോകത്തിലേക്കല്ല നിന്റെ ഉള്ളിലേക്കാണ്. കാരണം "നിന്റെ ഉള്ളിലുള്ളവൻ ലോകത്തിലുള്ളവനേക്കാൾ വലിയവനാണ്" (1 യോഹ 4,4).

ഓരോ വിശുദ്ധ കുർബാനയിലൂടെയും നിന്നിലേക്ക് എഴുന്നള്ളിവരുന്നവൻ കല്ലറ പിളർന്ന് അപ്പമായി മാറിയവനാണ്. കല്ലറയ്ക്കുള്ളിൽ ചീഞ്ഞഴിഞ്ഞവനെ ഉയിർപ്പിച്ച് ജീവിതത്തിലേക്ക് കൊണ്ടുവന്നവൻ, കൊടുങ്കാറ്റിനെ ശാന്തമാക്കിയവൻ നിന്റെ അകത്തുണ്ട്. നിന്റെ ജീവിതത്തെ ചുഴറ്റിയെറിയുന്ന ഏതു ചുഴലിക്കാറ്റിനെയും ശാന്തമാക്കുവാൻ, സൗഖ്യമാക്കുവാൻ കഴിവുള്ളവനാണ് നിന്റെ ഉള്ളിലുള്ളവൻ. അവന്റെ അപരിമേയമായ അത്ഭുതശക്തിയിൽ നീ വിശ്വസിച്ചാൽ, ആശ്രയിച്ചാൽ നിന്റെ ജീവിതത്തിലും അത്ഭുതങ്ങൾ നടക്കും. അവന്റെ അനന്തമായ ശക്തി ഏതു ജീവിതപ്രശ്നങ്ങളെയും നേരിടാനുള്ള ആത്മശക്തി നിനക്കു പ്രദാനം ചെയ്യും. അത് നിന്റെ "സൂപ്പർ നാച്ചുറൾ" പവറാണ് (super natural power). നിന്നിലെ അതിസ്വാഭാവിക ശക്തി!!!!

ഏതൊരു ദുഃഖവേളയിലും നിന്റെ അകത്തിരിക്കുന്നവന്റെ സ്നേഹമന്ത്രണം ശ്രദ്ധിച്ചാൽ നിനക്കു ശ്രവിക്കാം: "കുഞ്ഞേ ധൈര്യമായിരിക്കുക. സ്വർഗത്തിന്റെയും ഭൂമിയുടെയും കർത്താവ് നിന്റെ ദുഃഖമകറ്റി സന്തോഷമേകും. ധൈര്യമായിരിക്കുക".

പഴയനിയമത്തിലെ ഹെസക്കിയായുടെ രോഗശാന്തിയെക്കുറിച്ച് നിനക്കോർമ്മയില്ലേ. രോഗബാധിതനായി മരണത്തോടടുത്തപ്പോൾ ഏശയ്യാ പ്രവാചകൻ ഹെസക്കിയായോടു പറഞ്ഞു: "നിന്റെ വീട്ടുകാര്യങ്ങൾ ക്രമപ്പെടുത്തുക. എന്തെന്നാൽ നീ മരിക്കും. സുഖം പ്രാപിക്കുകയില്ല" (2 രാജാ 20,1). ഹെസക്കിയ പുറത്തേക്കു നോക്കിയില്ല. പുറത്തേക്കു നോക്കിയാൽ അവനു മരണം സുനിശ്ചിതമാണ്. കാരണം, പറഞ്ഞിരിക്കുന്നത് പ്രവാചകനാണ്. പറഞ്ഞാൽ പറഞ്ഞതുപോലെ സംഭവിക്കും. പ്രതീക്ഷിക്കാൻ യാതൊന്നുമില്ലാതിരിക്കേ ഹെസക്കിയാ നോക്കിയത് തന്റെ അകത്തിരിക്കുന്നവനിലേക്കാണ്. ഭഗ്നാശനാകാതെ അകത്തിരിക്കുന്നവന്റെ അനന്ത

ശക്തിയിൽ ആശ്രയിച്ച് ഭ്രാന്ത് പിടിക്കുന്ന വേദനയോടെ അവൻ കർത്താവിനോടു പ്രാർത്ഥിച്ചു: "കർത്താവേ ഞാൻ എത്ര വിശ്വസ്തമായും ആത്മാർത്ഥമായും ആണ് അങ്ങയുടെ മുൻപിൽ നന്മ പ്രവർത്തിച്ചത് എന്ന് ഓർക്കണമേ! പിന്നെ അവൻ ദുഃഖത്തോടെ കരഞ്ഞു" (2 രാജാ 20,3).

അവന്റെ കരച്ചിൽ കർത്താവ് കേട്ടു. കർത്താവിന്റെ അനിർവചനീയമായ ആത്മശക്തി ഏശയ്യാ പ്രവാചകനിലേക്ക് പ്രവഹിച്ചു. "മരണം ഉറപ്പിച്ചു പറഞ്ഞവൻ മാറ്റിപ്പറയുന്നു"!!! ദൈവമായ കർത്താവ് ഇപ്രകാരം പറയുന്നു: "ഞാൻ നിന്റെ കണ്ണീർ കാണുകയും പ്രാർത്ഥന കേൾക്കുകയും ചെയ്തിരിക്കുന്നു. ഞാൻ നിന്നെ സുഖപ്പെടുത്തും.... ഞാൻ നിന്റെ ആയുസ്സു പതിനഞ്ചു വർഷം കൂടി നീട്ടും" (2 രാജാ 20, 5-6).

അതെ പ്രിയപ്പെട്ടവരേ, വിശുദ്ധ കുർബാനയിലൂടെ നിന്നിലേക്ക് എഴുന്നള്ളിവരുന്നവന്റെ അനന്തകാരുണ്യത്തിൽ ആശ്രയിച്ചാൽ നാം അസാമാന്യ ശക്തിയുള്ളവരായി മാറും. മരണത്തിനുപോലും നിന്നെ പരാജയപ്പെടുത്താനാവില്ല.

അകത്തിരിക്കുന്നവനുമായി അസാധാരണമാംവിധം ആത്മബന്ധം പുലർത്തുന്നതുകൊണ്ടാ തന്റെ ദുരിതപൂർണ്ണമായ ജീവിതസാഹചര്യങ്ങളുടെ നടുവിൽനിന്ന് പൗലോസ്ശ്ലീഹാ ലോകത്തോടു വിളിച്ചു പറഞ്ഞത്. "ദൈവത്തെ സ്നേഹിക്കുന്നവർക്ക് അവിടുത്തെ പദ്ധതിയനുസരിച്ച് വിളിക്കപ്പെട്ടവർക്ക് അവിടുന്നു സകലവും നന്മയ്ക്കായി പരിണമിപ്പിക്കുന്നുവെന്ന് നമുക്കറിയാമല്ലോ". ആകയാൽ പ്രിയസുഹൃത്തേ, പൗലോസ്ശ്ലീഹായോട് ചേർന്നു നമുക്കും പറയാം. "ക്ലേശമോ, ദുരിതമോ, പീഡനമോ, പട്ടിണിയോ, നഗ്നതയോ, ആപത്തോ, വാളോ.... നമ്മെ സ്നേഹിച്ചവൻ മുഖാന്തിരം ഇവയിലെല്ലാം നാം പൂർണവിജയം കൈവരിക്കുന്നു" (റോമാ 8, 35-37).

## ദൈവദാസൻ വില്യം ജക്വീന്താ പിതാവിനോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥന

സ്നേഹം തന്നെയായ ദൈവമേ/സകല നന്മകളുടേയും ദാതാവായ പിതാവേ/രക്ഷകനായ മിശിഹായേ/വിശുദ്ധിയുടെ അരൂപിയേ/മനുഷ്യകുലത്തോടുള്ള അവിടുത്തെ അനന്തമായ സ്നേഹത്താൽ/വിശുദ്ധിയിലേക്കുള്ള ക്ഷണം അങ്ങ് നിരന്തരം ആവർത്തിച്ചുകൊണ്ടിരിക്കുന്നുവല്ലോ./അവിടുത്തെ ദാനങ്ങൾ/ദൈവദാസനായ വില്യം ജക്വീന്താ പിതാവിൽ വിളങ്ങി പ്രശോഭിക്കുവാൻ ഇടയാക്കിയതിനെ ഓർത്ത്/ഞങ്ങൾ അങ്ങേയ്ക്കു നന്ദി പറയുന്നു./അദ്ദേഹം അവിടുത്തെ പുത്രന്റെ അളവറ്റ സ്നേഹം ധ്യാനിക്കുകയും/വിശുദ്ധിയിലേക്കുള്ള സാർവ്വത്രിക വിളിയുടെ അക്ഷീണ പ്രേഷിതനാവുകയും ചെയ്തുവല്ലോ./അങ്ങ് തിരുമനസ്സാകുന്നുവെങ്കിൽ/അദ്ദേഹത്തിൽ അവിടുത്തെ മഹത്ത്വം വെളിപ്പെടുത്തണമെന്നും അദ്ദേഹത്തിന്റെ മാദ്ധ്യസ്ഥ്യം വഴിയായി ഞങ്ങൾ അപേക്ഷിക്കുന്ന ഈ കൃപ/....................ഞങ്ങൾക്കു നൽകണമെന്നും അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു. ആമ്മേൻ.

**പ്രാർത്ഥന ആവശ്യപ്പെടാനും ലഭിച്ച അനുഗ്രഹങ്ങൾ സാക്ഷ്യപ്പെടുത്താനും അന്വേഷണങ്ങൾക്കും**

**Apostolic Oblates**
Spirituality Centre,
Manganam P.O.,
Kottayam - 686 018
Ph: 9497588192





# ഫലം ചൂടി നിൽക്കാൻ

**റ്റെസി കറുകപറമ്പിൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

**പ**രിശീലനം പൂർത്തിയാക്കി പുറത്തേക്ക് ഇറങ്ങാൻ ഒരുങ്ങി നിന്ന ശിഷ്യരെ അടുത്തുവിളിച്ച് ഗുരു പറഞ്ഞു: ഒരു മരം എങ്കിലും ആകണം നിങ്ങൾ. ശിഷ്യർക്ക് സംശയമായി.... ഇത്രയും നാൾ പരിശീലനത്തിൽ ഏർപ്പെട്ടത് ചലനമറ്റ വെറുമൊരു മരം ആകാൻ ആണോ. പക്ഷേ അവർക്കറിയാമായിരുന്നു ഗുരുവിന്റെ വചനങ്ങൾ ഒരിക്കലും മാറാത്ത മലപോലെയാണെന്ന്. വലിയ പണ്ഡിതനോ പ്രശസ്തനോ ആകണമെന്നല്ല. പിന്നെയോ മരമെങ്കിലും ആകാൻ പറഞ്ഞപ്പോൾ ഗുരു എന്തായിരിക്കും ഉദ്ദേശിച്ചത്?

നമുക്കറിയാം കോട്ടങ്ങളുടെയും നഷ്ടങ്ങളുടെയും കഥ മാത്രമേ ഒരു മരത്തിന് പറയാനുള്ളൂ. എന്നാൽ അനന്തമായ, അചഞ്ചലമായ, അഭൂതപൂർണമായ നന്മയുടെ പ്രതിരൂപമാണ് മരം. തന്റെ അരികിലെത്തുന്ന നല്ലവനും കള്ളനും വഴിയാത്രക്കാരനും മരം വെട്ടുകാരനും ഒന്നുപോലെ അതു തണൽ നൽകുന്നു. ചുവടെ വെട്ടി മാറ്റപ്പെട്ടാലും വീണ്ടും അതു തളിർക്കാൻ ശ്രമിക്കുന്നു. വിഷം ശ്വസിക്കേണ്ടി വന്നാലും മരണംവരെ അതു മനുഷ്യന് ആവശ്യമായ ജീവവായു - ഓക്സിജൻ നൽകുന്നു. കൊടുക്കുന്ന സ്വഭാവം മാത്രമേ മരത്തിനുള്ളൂ. നന്മയുടെ ഒരു വലിയ ആകാശമാണ് മരം. അതെ, ഇതായിരിക്കണം ഓരോ ക്രിസ്ത്യാനിയുടെയും ജീവിതം.

സഭാതനയരായ നമ്മിൽനിന്ന് സഭാമാതാവ് പ്രതീക്ഷിക്കുന്നത് നല്ല ഫലങ്ങൾ മാത്രമാണ്. പ്രതികൂലസാഹചര്യങ്ങളെ തരണംചെയ്താണ് ഓരോ ചെടിയും വളർന്നു പുഷ്പിക്കുന്നത്. നമ്മുടെ ജീവിത വഴികളിലും പ്രതിബന്ധങ്ങളും പ്രലോഭനങ്ങളും വിപരീതാനുഭവങ്ങളും എന്നും ഉണ്ടായിക്കൊണ്ടിരിക്കും. അപ്പോഴൊക്കെ തളർന്നുപോകാതെ ധീരതയോടെ നിലകൊള്ളാനും കരുത്താർജിച്ച് ഈശോയ്ക്കുവേണ്ടി ജീവിക്കാനും സാധിക്കുമ്പോഴാണ് നമ്മുടെയൊക്കെ ജീവിതം അർത്ഥപൂർണമാവുക. ഉത്തരേന്ത്യയിൽ ഇന്ന് നടമാടിക്കൊണ്ടിരിക്കുന്ന ക്രൈസ്തവർക്കെതിരെയുള്ള അക്രമങ്ങളും പീഡനങ്ങളും, നമ്മുടെ കൊച്ചുകേരളത്തിൽ ക്രൈസ്തവർക്കെതിരെ നടത്തപ്പെടുന്ന ആരോപണങ്ങളും രഹസ്യമായി നടത്തുന്ന പ്രവർത്തനങ്ങളും നമ്മെ തളർത്താതെ കൂടുതൽ ധൈര്യത്തോടെ ഇക്കാലഘട്ടത്തിൽ മിശിഹായ്ക്കുവേണ്ടി ഫലംചൂടുന്നവരായി തീരുവാൻ നമുക്കും പരിശ്രമിക്കാം.



അങ്ങേയ്ക്ക് സ്തുതി – 11

# പരിസ്ഥിതിവിജ്ഞാനീയപരമായ വിദ്യാഭ്യാസവും ആത്മീയതയും

ഡോ. തോമസ് വടക്കേൽ
പാലാ രൂപത

'**ലൗ**ദാത്തോ സീ' (അങ്ങേയ്ക്കു സ്തുതി) എന്ന ചാക്രികലേഖനത്തിന്റെ ആറാം അധ്യായത്തിൽ അടിസ്ഥാനപരമായ ചില അവബോധങ്ങൾ രൂപീകരിക്കേണ്ടതിനെക്കുറിച്ചും നവീകരിക്കപ്പെട്ട ഒരു മനോഭാവത്തെക്കുറിച്ചും ക്രമീകൃതമായ ആത്മീയതയെക്കുറിച്ചുമാണ് ഫ്രാൻസിസ് പാപ്പ സംസാരിക്കുന്നത്.

**1. ഒരു പുതിയ ജീവിതശൈലിയിലേക്ക്**

ഇതു തീവ്രമായ ഉപഭോഗത്തിന്റെ ഒരു കാലഘട്ടമാണ്. ആവശ്യമില്ലാത്ത വാങ്ങലുകളും ചിലവാക്കലുകളും കൂടുതലായി കണ്ടുവരുന്നു. തങ്ങൾക്ക് സ്വാതന്ത്ര്യം ഉള്ളിടത്തോളംകാലം ഉപഭോഗത്തിന്റെ കാര്യത്തിൽ തങ്ങൾ തീരുമാനമെടുക്കുമെന്നു ചിന്തിക്കുന്ന ജനം പലപ്പോഴും നിർബന്ധിത ഉപഭോഗത്തിലേക്കു പോകുന്നുണ്ട്. ആളുകൾ അവരിൽത്തന്നെ കേന്ദ്രീകരിക്കുന്നതുകൊണ്ട് അത്യാഗ്രഹം പെരുകുന്നു. സാധനങ്ങൾ വാങ്ങിക്കുവാനും സ്വന്തമാക്കുവാനും അത് ഉപയോഗിക്കുവാനുമുള്ള ആവശ്യം കൂടുതലായി ഉണ്ടാകുന്നു. പൊതുനന്മയെക്കുറിച്ചുള്ള അവബോധം അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു.

ഏറ്റവും മോശമായതു ചെയ്യാൻ കഴിവുള്ളപ്പോഴും മനുഷ്യവ്യക്തികൾക്കു തങ്ങളുടെ സ്വാതന്ത്ര്യത്തിന്റെ ഭാവാത്മകമായ ഉപയോഗത്തിലൂടെ ചില ക്രമീകരണങ്ങൾ തങ്ങളിൽ വരുത്തുവാനും സത്യസന്ധമായ ഒരു പുതിയ തുടക്കം കുറിക്കാനും സാധിക്കും. നമ്മുടെ ജീവിതശൈലിയിലെ മാറ്റങ്ങൾവഴി രാഷ്ട്രീയവും സാമ്പത്തികവും സാമൂഹികവുമായ അധികാരം കയ്യാളുന്നവരുടെമേൽ ആരോഗ്യപരമായ സമ്മർദ്ദം ചെലുത്തുവാനും മാറ്റങ്ങൾ സംജാതമാക്കുവാനും സാധിക്കും. സ്വയം നശീകരണത്തിന്റെ ഒരു കാലഘട്ടത്തെ പിന്നിൽവിട്ടുകൊണ്ട് ഒരു പുതിയ തുടക്കം കുറിക്കണം. നമ്മളോടും മറ്റുള്ളവരോടും പ്രകൃതിയോടും കരുതലുള്ളവരായിരിക്കണം നമ്മൾ. വ്യത്യസ്തമായ ഒരു ജീവിതശൈലി നാം വികസിപ്പിച്ചെടുക്കുമ്പോൾ ആഘാതമധികം ഏൽപ്പിക്കപ്പെടാത്ത ആരോഗ്യമുള്ള പ്രകൃതി നമുക്കു ചുറ്റുമുണ്ടാകും.

**2. മാനവരാശിയും പരിസ്ഥിതിയും തമ്മിൽ ഉടമ്പടിക്കുവേണ്ടിയുള്ള വിദ്യാഭ്യാസം**

മനുഷ്യൻ വസ്തുക്കൾ വെറുതെ വാരിക്കൂട്ടുന്നു. മനുഷ്യഹൃദയത്തിന് യഥാർത്ഥ ആനന്ദവും അർത്ഥവും നൽകുവാൻ അതു പര്യാപ്തമല്ല. കമ്പോളം മനുഷ്യരുടെ മുമ്പിൽ നിരത്തിവച്ചിരിക്കുന്ന വസ്തുക്കളെ ഉപേക്ഷിക്കുവാൻ അവർക്കു കഴിയുന്നില്ല. ഉപഭോഗശീലങ്ങളിൽ വലിയ മാറ്റങ്ങൾ നാം വരുത്തേണ്ടതുണ്ട്. പാരിസ്ഥിതിക വിദ്യാഭ്യാസത്തിലൂടെ (environmental education) പുതിയ ശൈലി രൂപപ്പെടുത്തണം, അവബോധം വളർത്തണം.

നവവിദ്യാഭ്യാസരീതിയിൽ പരിസ്ഥിതിവിജ്ഞാനീയപരമായ ധാർമ്മികതയ്ക്ക് (ecological ethics) പ്രാധാന്യം കൊടുക്കണം. ഫലപ്രദമായ ബോധനവിദ്യയിലൂടെ പ്രകൃതിയോടുള്ള



ഐക്യദാർഢ്യത്തിലും ഉത്തരവാദിത്വബോധത്തിലും പുതിയ തലമുറയെ വളർത്തണം; അതിനുതകുന്ന അധ്യാപകരെ ഇന്ന് ആവശ്യമാണുതാനും. പരിസ്ഥിതിസംബന്ധമായ ചില വിവരങ്ങൾ നൽകുന്നതു മാത്രമാകാതെ, 'പരിസ്ഥിതിവിജ്ഞാനീയപരമായ പൗരത്വം' (ecological citizenship) സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ വിദ്യാഭ്യാസം നൽകണം. അതിലൂടെയേ നല്ല ശീലങ്ങൾ വ്യാപിപ്പിക്കുവാൻ സാധിക്കുകയുള്ളൂ. പുതിയ തലമുറയ്ക്ക് പ്രചോദനം നൽകുകയും ഭാവാത്മകമായ പ്രത്യുത്തരം നൽകുവാൻ സാധിക്കത്തക്കവിധത്തിലുള്ള പരിവർത്തനം അവരിൽ വളർത്തുകയും വേണം. ഈ വിദ്യാഭ്യാസം കുടുംബത്തിലും വിദ്യാലയത്തിലും മതബോധനത്തിലും മറ്റിടങ്ങളിലും നടത്തണം. ക്രൈസ്തവസമൂഹങ്ങൾക്ക് ഈ ശുശ്രൂഷയിൽ സുപ്രധാന പങ്കുണ്ട്.

**3. പരിസ്ഥിതിവിജ്ഞാനീയപരമായ മാനസാന്തരം**

നമ്മുടെ വിശ്വാസത്തിന്റെ ബോധ്യങ്ങളിൽ അധിഷ്ഠിതമായ ഒരു പരിസ്ഥിതിവിജ്ഞാനീയ ആത്മീയത രൂപപ്പെടണം. അതിനുള്ള ചില മാർഗനിർദ്ദേശങ്ങൾ ഫ്രാൻസിസ് പാപ്പ നൽകുന്നുണ്ട്. നമ്മെ ഉത്തേജിപ്പിക്കുന്ന ഒരു ആത്മീയതയ്ക്കു രൂപംകൊടുക്കണം. സിദ്ധാന്തങ്ങൾക്കൊണ്ടുമാത്രം വളരെ ഉന്നതമായ ഒരു പ്രതിബദ്ധത നിലനിർത്തുവാൻ നമുക്കു കഴിയില്ല. പ്രകൃതിയിൽനിന്നു വേർപെടാതെ, നമ്മുടെ പരിസരത്തിലെ സകലതിനോടുമുള്ള കൂട്ടായ്മയിൽ വളരാൻ സഹായിക്കുന്ന ഇടമാണ് സഭ. നാം രൂപപ്പെടുത്തേണ്ടത് ഒരു പരിസ്ഥിതിവിജ്ഞാനീയപരമായ (ecological conversion) മാനസാന്തരമാണ്.

"ആന്തരികമരുഭൂമികൾ അത്ര വിശാലമായിത്തീർന്നതുകൊണ്ട് ലോകത്തിലെ ബാഹ്യമരുഭൂമികൾ വളർന്നുകൊണ്ടിരിക്കുന്നു" എന്നത് ഒരു യാഥാർത്ഥ്യമാണ്. ഇത് പരിസ്ഥിതി പ്രതിസന്ധിക്ക് കാരണമായിട്ടുണ്ട്. അഗാധമായ ആന്തരികമാനസാന്തരം ഇവിടെ സംജാതമാകണം. സൃഷ്ടികളുമായുള്ള ആരോഗ്യകരമായ ഒരു ബന്ധം വ്യക്തിപരമായ മാനസാന്തരത്തിന്റെ ഒരു മാനമാണ്. അസ്സീസിയിലെ വി. ഫ്രാൻസിസ് ഇവിടെ ഒരു മാതൃകയാണ്.

സാമൂഹികപ്രശ്നങ്ങളെ അഭിസംബോധന ചെയ്യേണ്ടത് കേവലം വ്യക്തിപരമായ പ്രവൃത്തികളുടെ ആകെത്തുകയല്ല; സാമൂഹികശൃഖലകളാണ്. വ്യക്തിപരമായി ആളുകൾ ശ്രമിക്കുന്നതിനോടൊപ്പം എല്ലാവരും ഒരുമിച്ച്, വൈദഗ്ദ്ധ്യങ്ങളുടെ ഒത്തുചേരലോടെ, സാമൂഹികമായ ഒരു മാനസാന്തരത്തിലേക്കു വരേണ്ടതുണ്ട്. ആർദ്രത, ഉദാരമായ കരുതൽ, കൃതജ്ഞത, മഹാമനസ്കത, കൂട്ടായ്മ ഇവയെല്ലാം ഇവിടെ ഉണ്ടാകണം.

**4. ആനന്ദവും സമാധാനവും**

ജീവിതനിലവാരത്തെ സംബന്ധിച്ച് ക്രൈസ്തവ ആത്മീയത പുതിയ നിർദ്ദേശങ്ങൾ വയ്ക്കുന്നുണ്ട്. 'അല്പമാണ് അധികം' (less is more) എന്ന ഒരു ജീവിതദർശനം എല്ലാവരും കാത്തുപാലിക്കണം. പുതിയ ഉപഭോഗസാധനങ്ങളുടെ പ്രളയം നമ്മുടെ ഹൃദയത്തെ അമ്പരിപ്പിക്കാനും അതു വാങ്ങാനും നമ്മെ പ്രേരിപ്പിക്കരുത്. മിതത്വം പാലിച്ച് നാം ജീവിതത്തിൽ സംതൃപ്തി കണ്ടെത്തണം. ജീവിതം നമുക്കു നൽകിയിരിക്കുന്ന ചെറിയ കാര്യങ്ങളിൽ കൃതജ്ഞതയുള്ളവരായിരിക്കുക. നമുക്കില്ലാത്തതിനെക്കുറിച്ചു ദുഃഖിക്കാതിരിക്കുക. സുഖസൗകര്യങ്ങൾ വാരിക്കൂട്ടണമെന്ന ചിന്തയിൽനിന്നു കരകയറുക.

തന്നോടുതന്നെ സമാധാനത്തിലാവുക എന്നത് പരമപ്രധാനമാണ്. സംതൃപ്തമായ ഒരു ജീവിതം വളർത്തിയെടുക്കുവാൻ ഇത് അനിവാര്യമാണ്. നമ്മിലെ ആന്തരികസമാധാനം (internal peace) പരിസ്ഥിതിയോട് ശാന്തമായി ഇടപെടാൻ നമ്മെ പ്രാപ്തരാക്കും. ദൈവം നമുക്കു തന്നതിനെയോർത്ത് അവിടുത്തോടു നന്ദി പറയുന്നവരാകുക. ഇല്ലാത്തതിന്റെ പിറകെ ഓടിപ്പോയി അവ നേടാൻ ശ്രമിക്കാതിരിക്കുക.



# ആഹാബ്

ഷിജി പറപ്പള്ളിയാത്ത്

ഇസ്രായേൽ രാജാവിനെ വധിച്ച് രാജഭരണം തട്ടിയെടുത്ത സിമ്രിയെ നേരിട്ട സേനാനായകനായിരുന്നു ഓമ്രി. ശത്രുപക്ഷത്തെ തോൽപ്പിച്ച് ഇസ്രായേലിന്റെ രാജാവായിത്തീർന്ന ഓമ്രിയുടെ മകനാണ് ആഹാബ്. യൂദാരാജാവായ ആസായുടെ മുപ്പത്തിയെട്ടാം ഭരണവർഷം ആഹാബ് സമരിയായിൽ ഇസ്രായേലിന്റെ ഭരണം തുടങ്ങി. ഇരുപത്തിരണ്ട് വർഷക്കാലം അദ്ദേഹം ഇസ്രായേലിനെ ഭരിച്ചു. കുപ്രസിദ്ധനായ ദോഷൈകദൃക്ക്, പരുഷമായി പെരുമാറുന്നവൻ, അസൂയാലു ഇവയെല്ലാമാണവന്റെ ഗുണഗണങ്ങൾ! സീദോൻരാജാവായ എത്ബാലിന്റെ മകൾ ജസെബെലായിരുന്നു ഭാര്യ. അവളുടെ ആഗ്രഹപ്രകാരം ബാൽദേവനുവേണ്ടി ക്ഷേത്രം പണിത് അവൻ ആരാധന നടത്തിയിരുന്നു. തന്റെ പിതാക്കന്മാരുടെ വിശ്വാസം അവൻ തൂത്തെറിഞ്ഞു. ബാൽക്ഷേത്രത്തിലേക്ക് പുരോഹിതന്മാരെ ഇറക്കുമതി ചെയ്തു. തന്റെ മുൻഗാമികളെക്കാൾ അധികമായി ഇസ്രായേലിന്റെ ദൈവമായ കർത്താവിനെ അദ്ദേഹം പ്രകോപിപ്പിച്ചു. അവന്റെ കാലത്ത് ബഥേലിലെ ഹിയേൽ ജറീക്കോ പണിയിച്ചു. എന്നാൽ ജോഷ്വായുടെ പ്രവചനംപോലെ പുതുക്കിയ ജറീക്കോ നഗരത്തിന്റെ അടിസ്ഥാനമിട്ടപ്പോൾ അവന്റെ മൂത്തമകൻ അബിറാമും കവാടം നിർമ്മിച്ചപ്പോൾ ഇളയമകൻ സെഹൂബും നഷ്ടമായി (ജോഷ്വാ 6,26).

ആഹാബിന്റെ ഭരണകാലത്ത് സമരിയായിലെങ്ങും കഠിനക്ഷാമം ഉണ്ടാകുമെന്ന് ഏലിയാ പ്രവാചകൻ മുഖേന മുന്നറിയിപ്പ് നല്കിയിരുന്നു. ജെസെബെൽ കർത്താവിന്റെ പ്രവാചകന്മാരെ വധിച്ചപ്പോൾ കർത്താവ് കാത്തുസംരക്ഷിച്ച പ്രവാചകനായിരുന്നു ഏലിയാ. നാട്ടിലെങ്ങും ക്ഷാമം രൂക്ഷമായപ്പോൾ ആഹാബ് തന്റെ കാര്യസ്ഥനായ ഒബാദിയായോട് അരുവിക്കരയിലും താഴ്‌വരയിലും അവശേഷിക്കുന്ന പുല്ലു ശേഖരിച്ച് തന്റെ കുതിരകളുടെയും കോവർ കഴുതകളുടെയും ജീവൻ രക്ഷിക്കാൻ പറഞ്ഞയച്ചു. അന്വേഷണ സൗകര്യത്തിനായി രാജ്യം രണ്ടായി വിഭജിച്ച് ആഹാബ് ഒരു വഴിക്കും ഒബാദിയ മറ്റൊരുവഴിക്കും പോയി. പോകുംവഴി ഒബാദിയ ഏലിയാ പ്രവാചകനെ കണ്ടുമുട്ടുകയും, ആഹാബിനോട് താൻ ഇവിടെയുണ്ടെന്ന് വിവരമറിയിക്കാൻ പ്രവാചകൻ പറയുകയും ചെയ്യുന്നു. മരണഭയമുള്ള ഒബാദിയാകട്ടെ ആദ്യം അത് നിരസിക്കുകയും പിന്നീട് പ്രവാചകന്റെ വാക്കുകൾ അനുസരിക്കുകയും ചെയ്തു. ഒബാദിയ ചെന്ന് ആഹാബ് രാജാവിനോട് ഏലിയാ പ്രവാചകൻ ഇവിടെയുണ്ടെന്നറിയിച്ചതിനാൽ അയാൾ പ്രവാചകന്റെ അടുത്തെത്തി ചോദിച്ചു: “ഇസ്രായേലിനെ കഷ്ടപ്പെടുത്തുന്ന നീ തന്നെയോ ഇത്?” തിരിച്ചറിവില്ലാത്തവന്റെ പുലമ്പലുകൾ തന്നെയാണിത്. ബാൽദേവന്മാരെ ആരാധിക്കുന്ന ആഹാബിനോട്, കാർമ്മൽമലയിൽ ഇസ്രായേൽ ജനത്തെയും, ജെസെബെൽ പോറ്റുന്ന ബാൽ-അഷേരാ പ്രവാചകരെയും വിളിച്ചുകൂട്ടാൻ പ്രവാചകൻ കല്പിക്കുന്നു. ആഹാബ് രാജാവ് അപ്രകാരം ചെയ്തു.

കാർമ്മൽ മലയിൽ ആഹാബിനൊപ്പം ഇസ്രായേൽജനവും നാനൂറ്റിയമ്പതോളം ബാലിന്റെ പുരോഹിതന്മാരും ഒത്തുകൂടിയപ്പോൾ പ്രവാചകൻ അവരോടായി പറഞ്ഞു: കർത്താവിന്റെ പ്രവാചകരിൽ താൻ മാത്രമാണ് ശേഷിച്ചിട്ടുള്ളത്! രണ്ടുകൂട്ടരും ബലിയർപ്പിക്കേണ്ട വിധവും പ്രവാചകൻ വിവരിച്ചു. രണ്ട് കാളകളെ കൊണ്ടുവന്ന്, അതിലൊന്നിനെ കഷണങ്ങളാക്കി ബാലിന്റെ നാനൂറ്റിയമ്പതു പുരോഹിതന്മാരും ചേർന്ന് വിറകടുക്കി തീ കൊളുത്താതെ ബലിയർപ്പിക്കുക. അഗ്നി അയച്ച് പ്രാർത്ഥന കേൾക്കുന്ന ദൈവമായിരിക്കും യഥാർത്ഥ ദൈവം. ബാലിന്റെ പ്രവാചകന്മാർ തങ്ങളുടെ ദേവനെ മധ്യാഹ്നംവരെ വിളിച്ചപേക്ഷിച്ചിട്ടും ഫലമുണ്ടായില്ല. അവർ ശബ്ദമുണ്ടാക്കുകയും ഉന്മത്തരായി വാളുകൊണ്ട് സ്വയം മുറിവേൽപ്പിച്ച് രക്തം ഒഴുക്കുകയും ചെയ്തിട്ടും യാതൊരു ഫലവും കണ്ടില്ല. കൂടാതെ ഏലിയാപ്രവാചകൻ അവരെ പരിഹസിക്കുകയും ചെയ്തു. പിന്നീട് ഏലിയാപ്രവാചകന്റെ ഊഴം എത്തിയപ്പോൾ, അദ്ദേഹം കർത്താവിന്റെ തകർന്നുകിടന്ന ബലിപീഠം പന്ത്രണ്ട് കല്ലെടുത്ത് ഒരുക്കി അതിൽ വിറകടുക്കി, കാളയെ കഷണങ്ങളാക്കി നിരത്തി. ചുറ്റിലും ചാലുണ്ടാക്കി ദഹനബലി വസ്തുവിലും വിറകിലും വെള്ളം ഒഴിച്ചു. ബലിക്കു സമയമായപ്പോൾ പ്രവാചകൻ പ്രാർത്ഥിച്ചു. അഗ്നിയിറങ്ങി ബലിവസ്തുവും വിറകും കല്ലും മണ്ണും ദഹിപ്പിക്കുകയും ചാലിലെ വെള്ളം വറ്റിക്കുകയും ചെയ്തു. ഏലിയാ ബാലിന്റെ പ്രവാചകരെ ഒന്നടങ്കം കിഷോൻ അരുവിക്കു സമീപം കൊണ്ടുപോയി വധിച്ചു. അനന്തരം ഏലിയാപ്രവാചകൻ കാർമ്മൽ മലയുടെ മുകളിൽ പ്രാർത്ഥിക്കുകയും മഴ തുടങ്ങിയപ്പോൾ ആഹാബിനോട് രഥം പൂട്ടി പുറപ്പെടാൻ കല്പിക്കുകയും ചെയ്തു. തന്റെ പ്രവാചകരെ കൊന്നൊടുക്കിയെന്നറിഞ്ഞ ജസെബെൽ ഏലിയാപ്രവാചകനെതിരെ ഭീഷണി മുഴക്കുന്നു. തന്മൂലം പ്രവചകൻ ഹോറെബിലേക്ക് പലായനം ചെയ്തു.

ആഹാബ് രാജാവ് യുദ്ധരംഗത്ത് ഒരു പരാക്രമിയായിരുന്നു. മൂന്നു പ്രാവശ്യം സിറിയാ രാജാവായ ബൻഹദാദിനെ നേരിട്ടു. കർത്താവിന്റെ പ്രവാചകന്റെ വാക്കുകൾ പരിഗണിച്ചതിനാൽ രണ്ടു പ്രാവശ്യം സിറിയാ രാജാവിനെ കീഴ്പ്പെടുത്താൻ ആഹാബിന് കഴിഞ്ഞു. എന്നാൽ ശത്രുവിനെ ഉന്മൂലനം ചെയ്യാൻ അവസരം നല്കിയ ദൈവത്തോട് ആലോചന ചോദിക്കാതെ, താൻ പിടിച്ചെടുത്ത പട്ടണങ്ങൾ തിരികെ നല്കുകയും കച്ചവടകേന്ദ്രങ്ങൾ സ്ഥാപിക്കാൻ അവൻ സാഹചര്യമൊരുക്കുകയും ചെയ്തു. അതുമൂലം വേഷപ്രച്ഛന്നനായി വന്ന ഒരു പ്രവാചകൻ ആഹാബിന്റെ മുമ്പിലെത്തി അവനെതിരെയുള്ള ദൈവവിധി അറിയിച്ചു: “കർത്താവരുളിച്ചെയ്യുന്നു, ഞാൻ നശിപ്പിക്കാൻ ഉഴിഞ്ഞിട്ടിരിക്കുന്നവനെ നീ വിട്ടയച്ചു. എന്നാൽ അവന്റെ ജീവനുപകരം നിന്റെ ജീവനും, അവന്റെ ജനത്തിനുപകരം നിന്റെ ജനവും എടുക്കപ്പെടും. ഇസ്രായേൽ രാജാവ് ദുഃഖാകുലനായി സമരിയായിലെ കൊട്ടാരത്തിലേക്ക് മടങ്ങി” ( 1 രാജാ 20,42-43).

ആഹാബുരാജാവിന്റെ കൊട്ടാരത്തിനുസമീപം ജസ്രേൽക്കാരനായ നാബോത്തിന് പിതൃസ്വത്തായി ലഭിച്ച മുന്തിരിത്തോട്ടമുണ്ടായിരുന്നു. ഒരിക്കൽ ആഹാബ്, നാബോത്തിനോട് ആ മുന്തിരിത്തോട്ടം തനിക്ക് പച്ചക്കറിത്തോട്ടമുണ്ടാക്കാൻ വിട്ടുതരണമെന്ന് ആവശ്യപ്പെട്ടു. അവനാകട്ടെ അത് വിട്ടുകൊടുക്കാൻ തയ്യാറായതുമില്ല. ദുഃഖിതനായി കൊട്ടാരത്തിലെത്തിയ ആഹാബിനോട് ജസെബെൽ കാര്യമെല്ലാം അന്വേഷിച്ചറിഞ്ഞു. പെൺബുദ്ധിയുടെ ചതിമറയിൽ ഒളിക്കുന്ന പുരുഷത്വമില്ലാത്ത രാജാവിന്റെ ദയനീയ സ്ഥിതി. മാത്രമല്ല ജസെബെൽ ആർക്കും കീഴടങ്ങാത്ത തിന്മയുടെ ഇച്ഛാശക്തിയുടെ പ്രതീകവുമാണ്. പാപം ചെയ്യാനും മറ്റുള്ളവരെക്കൊണ്ട് പാപം ചെയ്യിപ്പിക്കാനും അവൾക്ക് കഴിവുണ്ട്. തിന്മയുടെ ശക്തി പ്രബലപ്പെടുമ്പോൾ പലപ്പോഴും നിഷ്കളങ്കരുടെ നിർമാർജ്ജനം തന്നെയാണ് അന്നും ഇന്നും സംഭവിക്കുന്നത്.

ജസെബെൽ പട്ടണത്തിലെ ശ്രേഷ്ഠന്മാരെയും പ്രഭുക്കന്മാരെയും കള്ളസാക്ഷ്യത്തിനായി രണ്ടു നീചന്മാരെയും വിളിച്ചുകൂട്ടി. നാബോത്തിനെതിരെ ദൈവദൂഷണവും രാജദൂഷണവും ആരോപിച്ച് പട്ടണത്തിനു പുറത്തുകൊണ്ടുപോയി അവനെ കല്ലെറിഞ്ഞു കൊല്ലിപ്പിച്ചു. അതിനുശേഷം നാബോത്തിന്റെ മുന്തിരിത്തോട്ടം കൈവശപ്പെടുത്താൻ അവൾ ആഹാബിനോട് ആവശ്യപ്പെട്ടു. അവൻ നിരപരാധിയെ കൊല്ലുകയും അവന്റെ സ്വത്ത് കൈവശപ്പെടുത്തുകയും ചെയ്തു. ആഹാബിന്റെ പക്കലേക്ക് കർത്താവ് ഏലിയാ പ്രവാചകനെ അയയ്ക്കുന്നു. അദ്ദേഹം ആഹാബിനോട് പറഞ്ഞു: “കർത്താവ് അരുളിച്ചെയ്യുന്നു, നാബോത്തിന്റെ രക്തം നായ്ക്കൾ നക്കിക്കുടിച്ച സ്ഥലത്തുതന്നെ നിന്റെ രക്തവും നായ്ക്കൾ നക്കിക്കുടിക്കും”. ആഹാബ് പ്രവാചകനോടു ചോദിച്ചു “എന്റെ ശത്രുവായ നീ എന്നെ കണ്ടെത്തിയോ? അവൻ പ്രതിവചിച്ചു. അതേ, ഞാൻ നിന്നെ കണ്ടെത്തി. കർത്താവിന്റെ സന്നിധിയിൽ തിന്മ പ്രവർത്തി

ക്കാൻ നീ നിന്നെത്തന്നെ വിറ്റിരിക്കുന്നു. ഇതാ ഞാൻ നിനക്കു നാശം വരുത്തും. ഞാൻ നിന്നെ നിർമ്മാർജനം ചെയ്യും. ആഹാബിന് ഇസ്രായേലിലുള്ള എല്ലാ പുരുഷന്മാരെയും - സ്വതന്ത്രരെയും അടിമകളെയും ഞാൻ നിഗ്രഹിക്കും" (1 രാജാ 19,21). തിന്മയുടെ വളക്കൂറുള്ളിടത്ത് ശക്തമായ ഭാഷയിൽ ധൈര്യപൂർവ്വം തിരുത്തുന്ന ഏലിയാ പ്രവാചകൻ! ഇന്ന് അന്യമായിക്കൊണ്ടിരിക്കുന്ന വ്യക്തിസാന്നിധ്യമാണത്. പ്രതികരിക്കാനറിയാമെങ്കിലും നിശബ്ദരായിരിക്കുന്നവരാണ് അധികവും. തിരുത്താൻ പാടില്ലാത്ത കാലം; തിരിയാൻ മനസ്സില്ലാത്ത കാലം. എന്നിരിക്കിലും നന്മ എപ്പോഴും നിലനില്ക്കുകയും സഹനച്ചൂടിലും വളരുകയും ചെയ്യും. അതു ചിലപ്പോൾ ആരാലും ശ്രദ്ധിക്കപ്പെടുന്നില്ല എന്നു മാത്രം. അതുകൊണ്ടാവാം ഏലിയാപ്രവാചകൻ കാണാത്ത, ബാലിന്റെ മുമ്പിൽ മുട്ടുകൾ മടക്കാത്ത ഏഴായിരം പേരെ കർത്താവ് അദ്ദേഹത്തിനു പരിചയപ്പെടുത്തിയത്.

ഏകദേശം മൂന്നുവർഷത്തേക്ക് സിറിയായും ഇസ്രായേലും തമ്മിൽ യുദ്ധം ഉണ്ടായില്ല. മൂന്നാം വർഷം യൂദാരാജാവായ യഹോഷാഫാത്ത് ഇസ്രായേൽരാജാവായ ആഹാബിനെ സന്ദർശിച്ചു. അവർ തമ്മിലുള്ള ബന്ധം മറ്റൊരു നാശത്തിലേക്കു വഴിതെളിച്ചു. സിറിയാക്കാരുടെ അധീനതയിൽനിന്ന് റാമോത്ത്-ഗിലയാദ് തിരിച്ചുപിടിക്കാൻ അവർ പദ്ധതിയിട്ടു. അങ്ങനെ ആഹാബിനു പ്രിയപ്പെട്ട പ്രവാചകഗണത്തിന്റെ പിന്തുണയോടെ അവർ യുദ്ധത്തിനുപോയി. എന്നാൽ ഇംലയുടെ മകൻ മിക്കായായെന്ന പ്രവാചകൻ അവന്റെ പതനം പ്രവചിച്ചു; അത് ഇപ്രകാരമായിരുന്നു: "ആഹാബ് റാമോത്ത്ഗിലയാദിൽ പോയി വധിക്കപ്പെടാൻ ആര് അവനെ വശീകരിക്കും?" അപ്രകാരം പറഞ്ഞതിനാൽ മിക്കായാ പ്രവാചകനെ താൻ തിരിച്ചുവരുന്നതുവരെ കുറച്ച് ഭക്ഷണവും വെള്ളം മാത്രം നൽകി കാരാഗൃഹത്തിലിടുവാൻ ആഹാബ് കല്പിച്ചു. തുടർന്നവൻ യുദ്ധത്തിന് പുറപ്പെട്ടു. ആഹാബ് രാജാവ് യഹോഷാഫാത്തിനോട് പറഞ്ഞു, ഞാൻ വേഷംമാറി യുദ്ധക്കളത്തിലേക്ക് പോകാം. നീ രാജകീയ വസ്ത്രം ധരിച്ചുകൊള്ളുക, അങ്ങനെ വേഷപ്രച്ഛന്നനായി ഇസ്രായേൽരാജാവ് യുദ്ധക്കളത്തിലേക്ക് പോയി. എന്നാൽ വലിയവരോടോ ചെറിയവരോടോ പൊരുതേണ്ടാ ഇസ്രായേൽരാജാവിനോടു മാത്രം പടവെട്ടുകയെന്ന് സിറിയാരാജാവ് തന്റെ മൂന്ന് രഥനായകന്മാരോട് കല്പിച്ചിരുന്നു. രാജകീയ വേഷത്തിലെത്തിയ യഹോഷാഫാത്തിനെതിരെ യുദ്ധത്തിനെത്തിയ സിറിയാക്കാർ അത് ഇസ്രായേൽ രാജാവല്ല എന്ന് മനസ്സിലാക്കി അവനിൽനിന്ന് പിൻവാങ്ങി. എന്നാൽ യാദൃച്ഛികമായി എത്തിയ ഒരമ്പ് ഒരു സാധാരണ യോദ്ധാവായി കടന്നുചെന്ന ആഹാബ് രാജാവിന്റെ പടച്ചട്ടയുടെയും കവചത്തിന്റെയും ഇടയിൽ തുളച്ചുകയറി. അവൻ സാരഥിയോടു പറഞ്ഞു: രഥം തിരിച്ച് എന്നെ യുദ്ധക്കളത്തിൽനിന്ന് കൊണ്ടുപോവുക. എനിക്ക് മുറിവേറ്റിരിക്കുന്നു. അന്നു ഘോരയുദ്ധം നടന്നു. സന്ധ്യവരെ ഇസ്രായേൽ രാജാവ് സിറിയാക്കാർക്കഭിമുഖമായി രഥത്തിൽ ചാരിനിന്നു. മുറിവിൽനിന്ന് രക്തം ധാരധാരയായി രഥത്തിനടിയിലേക്ക് ഒഴുകിയിറങ്ങി. സന്ധ്യയായപ്പോൾ അവൻ മരിച്ചു. സമറിയായിൽ കൊണ്ടുവന്ന് അവനെ സംസ്കരിച്ചു. "സമരിയായിലെ കുളത്തിൽ അവർ രാജാവിന്റെ രഥം കഴുകി. കർത്താവ് അരുളിച്ചെയ്തിരുന്നതുപോലെ നായ്ക്കൾ അവന്റെ രക്തം നക്കി കുടിച്ചു. വേശ്യകൾ ആ വെള്ളത്തിൽ കുളിച്ചു" (1 രാജാ 22,38). അങ്ങനെ തന്റെ ശരീരത്തെയും ജീവിതത്തെയും മാത്രമല്ല; ഇസ്രായേൽ ജനത്തെയും നായ്ക്കൾക്ക് എറിഞ്ഞു കൊടുത്തവനാണ് ആഹാബ്.

**ആഹാബിന്റെ ജീവിതം നല്കുന്ന പാഠം**

* *തിന്മയ്ക്ക് ഒരിക്കലും നിലനില്പില്ല.*
* *മാനുഷിക പുണ്യങ്ങൾ ദൈവത്തോടു ചേർന്നുനിന്ന് ആർജ്ജിച്ചെടുക്കുക.*
* *അസൂയയും കുടിലതയും വ്യക്തിജീവിതത്തിൽനിന്ന് അകറ്റുക.*
* *യാഥാർത്ഥ്യത്തെ മറയ്ക്കാൻ പ്രച്ഛന്നവേഷമിടുന്നത് നന്നല്ല.*
* *അപരനോടും അവന്റെ വസ്തുക്കളോടും ആദരവ് പുലർത്തുക.*
* *തിന്മയുടെ ഫലം തിന്മയും നന്മയുടെ ഫലം നന്മയുമാണ്.*



# സെനക്കിൾ തരംഗം

## സന്ദേശം

മിശിഹായിൽ പ്രിയപ്പെട്ട വൈദികസഹോദരരേ,

ആരാധനക്രമവത്സരത്തിൽ കൈത്താക്കാലത്തിലേക്ക് നാം പ്രവേശിച്ചിരിക്കുകയാണല്ലോ. ശ്ലീഹന്മാരുടെയും രക്തസാക്ഷികളുടെയും സുവിശേഷപ്രഘോഷണഫലമായി രൂപംകൊണ്ട സഭയുടെ അംഗങ്ങൾ വിശുദ്ധിയുടെ ഫലങ്ങൾ പുറപ്പെടുവിക്കുന്നതിനെയാണ് കൈത്താക്കാലം അനുസ്മരിപ്പിക്കുന്നത്. സഭയിൽ എല്ലാവരും വിശുദ്ധിയിലേക്ക് വിളിക്കപ്പെട്ടിരിക്കുന്നു എന്നത് രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ ഔദ്യോഗികപ്രബോധനമാണ് (തിരുസഭ അഞ്ചാം അധ്യായം). വിശുദ്ധി എന്നത് സ്നേഹമാണ്. ദൈവസ്നേഹവും പരസ്നേഹവും പൂർണതയിൽ ജീവിക്കുന്നതിനെ 'സ്നേഹത്തിന്റെ മാക്സിമലിസം' എന്ന് നമ്മുടെ അപ്പസ്തോലിക് സൊദാലെസ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ സ്ഥാപകപിതാവ് ദൈവദാസൻ വില്യം ജക്വീന്താ വിശേഷിപ്പിക്കുന്നു. മിശിഹായിൽ വെളിപ്പെടുത്തപ്പെട്ട ദൈവത്തിന്റെ സ്നേഹത്തിന് മനുഷ്യനു നല്കാൻ സാധിക്കുന്നതും സാധിക്കേണ്ടതുമായ പ്രത്യുത്തരമാണ് സ്നേഹത്തിന്റെ ഈ മാക്സിമലിസം. ഇപ്രകാരം ജീവിക്കുന്ന ഒരു സമൂഹമായി നമ്മുടെ അജഗണങ്ങളെ രൂപപ്പെടുത്താൻ തക്കവിധം അജപാലനശുശ്രൂഷ നിർവ്വഹിക്കാൻ നമുക്കു പരിശ്രമിക്കാം.

സ്നേഹാശംസകളോടെ,

മല്പാൻ മാത്യു വെള്ളാനിക്കൽ
സ്ഥാപകഡയറക്ടർ

## വാർത്തകൾ

2024 മെയ് 21-22 തീയതികളിൽ പതിവുപോലെയുള്ള സെനക്കിൾ മീറ്റിംഗ് നടത്തുകയുണ്ടായി. അപ്പസ്തോലിക് ഒബ്ലേറ്റ്സ് ഇൻസ്റ്റിറ്റ്യൂട്ട് ഇന്ത്യയിൽ ആരംഭിച്ചതിന്റെ സുവർണ്ണ ജൂബിലി വർഷാരംഭം മെയ് 22-ാം തീയതി ആഘോഷമായി നടത്തുകയുണ്ടായി. ചങ്ങനാശ്ശേരി അതിരൂപതാ മെത്രാപ്പോലീത്താ അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം പിതാവിന്റെ പ്രധാന കാർമ്മികത്വത്തിൽ പരിശുദ്ധ കുർബാനയാഘോഷവും അതേത്തുടർന്ന് ജൂബിലി വർഷ ഉദ്ഘാടനവും നടത്തുകയുണ്ടായി. പരിശുദ്ധ കുർബാനയിലും ഉദ്ഘാടന ചടങ്ങുകളിലും അപ്പസ്തോലിക് ഒബ്ലേറ്റ്സ്, അപ്പസ്തോലിക് സൊദാലെസ്, സോഷ്യൽ ആനിമേറ്റേഴ്സ് എന്നീ മൂന്ന് ഇൻസ്റ്റിറ്റ്യൂട്ടുകളിലെയും അംഗങ്ങൾ പങ്കെടുത്തു. 2025 തിരുസഭയുടെ ജൂബിലിവർഷമാണ്. അതുപോലെതന്നെ അപ്പസ്തോലിക് ഒബ്ലേറ്റ്സ് ഇൻസ്റ്റിറ്റ്യൂട്ട് ഇന്ത്യയിൽ ആരംഭം കുറിച്ചതിന്റെ സുവർണജൂബിലി വർഷവുമാണ്.



# ചിറ്റപ്പാ... സെറ്റപ്പാ!

ഷിനി മുതുപ്ലാക്കൽ

"**ചി**റ്റപ്പാ... സെറ്റപ്പല്ലേ?". ദിനപത്രവും നിവർത്തിപ്പിടിച്ച്, അല്പം ഇടത്തോട്ടു ചാഞ്ഞ്, ചാടിക്കയറി വന്ന അനന്തിരവന്റെ മുഖപ്രസാദത്തിന്റെ കാരണമറിയാൻ പത്രത്തിൽ നോക്കിയ ചിറ്റപ്പന്റെ കണ്ണുകൾ പ്രധാന വാർത്തയിൽ ഉടക്കി: 'വിഴിഞ്ഞം മിഴി തുറന്നു'.

"വിഴിഞ്ഞത്തിന്റെ കടലോരത്ത് കേരളം കണ്ട സ്വപ്നം പൂവണിഞ്ഞു. പ്രൗഢഗംഭീരമായ സദസ്സിനെ സാക്ഷിനിർത്തി വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ ട്രയൽ റൺ ഇന്നലെ നടന്നപ്പോൾ കേരളവികസനത്തിന്റെ ചരിത്രത്തിൽ മറ്റൊരു അധ്യായംകൂടി എഴുതിച്ചേർത്തു".

വാർത്ത വായിച്ചുകേൾപ്പിച്ചിട്ടും താൻ പ്രതീക്ഷിച്ച വെട്ടവും വിസ്മയവും പ്രകടമാകാത്ത ചിറ്റപ്പന്റെ മുഖത്തേക്ക് ഏറുകണ്ണിട്ടു നോക്കിയ അനന്തിരവൻ കൂട്ടിച്ചേർത്തു: "നാട്ടിൽ വികസനവും അതുവഴി ഇഷ്ടംപോലെ തൊഴിലവസരങ്ങളുമൊക്കെയുണ്ടായാലും ചിലർക്ക് അതൊന്നും പിടിക്കേല. എല്ലാത്തിനും കുറ്റം കണ്ടുപിടിക്കുന്ന പ്രതിപക്ഷ പാർട്ടികളെപ്പോലെ കുറേപ്പേരുണ്ട്. അല്ലേ ചിറ്റപ്പാ?"

അത്രയുംനേരം ഒരു പ്രതികരണവുമില്ലാതെ ചെയ്തുകൊണ്ടിരുന്ന ജോലി തുടർന്നുകൊണ്ടിരുന്ന ചിറ്റപ്പൻ തന്റെ നയം വ്യക്തമാക്കി. "വിവരമുള്ളവരൊന്നും വികസനത്തിനെതിരു നില്ക്കുമെന്ന് എനിക്കു തോന്നുന്നില്ല. പക്ഷേ, നാടിന്റെ വികസനത്തിന്റെ പേരിൽ സ്വന്തമായ വസ്തുവകകളെല്ലാം നഷ്ടമാകുന്ന ഓരോരുത്തർക്കും അർഹമായതും, അവർക്കു വാഗ്ദാനം



ചെയ്യപ്പെട്ടിരിക്കുന്നതുമായതെല്ലാം കൊടുക്കാതെ ഒരു വികസനവും പൂർണമാകുന്നില്ല എന്നതാണെന്റെ അഭിപ്രായം. വിഴിഞ്ഞത്ത് കടലും കപ്പലും കണ്ടെയ്നറുമൊക്കെ വാർത്തയാകുമ്പോൾ, കുറേയേറെ കടലിന്റെ മക്കളുടെ കണ്ണീരും കദനവും കാണാമറയത്താകുന്നുണ്ട്. അവരുടെ ദുരിതങ്ങളൊന്നും വാർത്തയാകുന്നുമില്ല. അവർക്കു കൊടുത്തിരുന്ന വാഗ്ദാനങ്ങളും കൂടി പൂർത്തിയാക്കിയിരുന്നെങ്കിൽ എല്ലാവർക്കും സന്തോഷിക്കാമായിരുന്നല്ലോ. വികസനത്തിന്റെ പേരിൽ ആർക്കും വിങ്ങേണ്ടിവരില്ലായിരുന്നു. പറഞ്ഞത് ശരിയല്ലേ?"

എല്ലാം തലയാട്ടി ശരിവച്ച അനന്തിരവനോട് ചിറ്റപ്പൻ തുടർന്നു: "ഏതു മേഖലയിലും ഇതു ബാധകമാ. വേറൊരാളെ തളർത്തിയിട്ടല്ല ഒരാൾ വളരേണ്ടത്. എല്ലാവരും ഒന്നിച്ചുവേണം വളരാൻ. സമൂഹത്തിൽ ഏതെങ്കിലും മേഖലകളിൽ തളർച്ചയനുഭവിക്കുന്നവരുണ്ടെങ്കിൽ ബാക്കിയുള്ളവർ അവരെ ചേർത്തുപിടിക്കുമ്പോളാണ് ആ സമൂഹത്തിനു മുഴുവൻ വളർച്ചയുണ്ടാകുന്നത്. ഒന്നിച്ചു വളരുന്ന സമൂഹത്തിനേ ആത്യന്തികമായി നിലനില്പുള്ളൂ. ഒരു കെട്ടിടത്തിന്റെ ഏതെങ്കിലുമൊരു ഭാഗം ദുർബലമായാൽ അത് ഭാവിയിൽ ആ കെട്ടിടത്തെ മുഴുവൻ ബാധിക്കും".

"ചിറ്റപ്പൻ പറഞ്ഞതു ശരിയാ. കഴിഞ്ഞയാഴ്ച കുടുംബക്കൂട്ടായ്മയ്ക്കു വന്നപ്പോൾ അച്ചൻ പറഞ്ഞായിരുന്നു ആദിമസഭയിലെ സഭാംഗങ്ങൾക്കിടയിലുണ്ടായിരുന്ന സ്നേഹവും സഹകരണവും കൂട്ടായ്മയും പ്രാർത്ഥനാജീവിതവുമൊക്കെ മാതൃകയാക്കണമെന്ന്. പക്ഷേ, ഉള്ളതു മുഴുവൻ വിറ്റ് എല്ലാം പൊതുവായി കണ്ട് അവരന്ന് ജീവിച്ചെന്നു കരുതി ഇക്കാലത്ത് അതുപോലെ വല്ലതും നടക്കുമോ?"

"മനസ്സുവച്ചാൽ നടത്താവുന്ന പലതുമുണ്ട്. സമ്പത്തുമുഴുവൻ കൊടുത്തില്ലെങ്കിലും കുറച്ചെങ്കിലും എല്ലാവരും മറ്റുള്ളവരെ സഹായിക്കാനായി മാറ്റിവച്ചാൽ അതു വലിയൊരു കാര്യമല്ലേ? കൊടുക്കുന്നവന് കൂടുതൽ കിട്ടുമെന്നാ പറയുന്നത്.... സമ്പത്തിന്റെ കാര്യം മാത്രമല്ല ഞാൻ ഉദ്ദേശിച്ചത്. സ്വന്തം കാര്യം നേടാൻ ഏതു വളഞ്ഞവഴിയ്ക്കും പോകാൻ ഇക്കാലത്ത് പലർക്കും മടിയില്ല. അർഹതപ്പെട്ടവർക്ക് പലതും നിഷേധിക്കപ്പെടുന്നു. മത്സരപ്പരീക്ഷകളിലെ ചോദ്യപേപ്പർ ചോർച്ചമുതൽ ജോലികളിലെ പിൻവാതിൽ നിയമനം വരെ.... കൈക്കൂലി കൊടുത്ത് ജോലി വാങ്ങുന്നവരും ജോലി കിട്ടിക്കഴിയുമ്പോൾ കൈക്കൂലി വാങ്ങുന്നവരും.... സ്വന്തം തെറ്റുകൾ മറച്ചുവയ്ക്കാനും മറ്റുള്ളവരുടെ നന്മകൾ ഉയർന്നുവരാതിരിക്കാനുംവേണ്ടി അവർക്കെതിരേ ഇല്ലാക്കഥകൾ മെനയുന്നവർ.... ഞാൻ മാത്രമുയരണം എന്ന സ്വാർത്ഥചിന്തയാൽ നയിക്കപ്പെടുന്നവർ.... എനിക്കു പറ്റാത്തത് വേറെയാരും നേടിയെടുക്കേണ്ട എന്നു ചിന്തിക്കുന്ന ഞണ്ടുസ്വഭാവക്കാർ...."

"ഞണ്ടുസ്വഭാവക്കാരോ? അങ്ങനെയും ഒരു സ്വഭാവമുണ്ടോ?"

"കുറേ ഞണ്ടുകളെ പിടിച്ച് ഒരു കൂടയിലിട്ടാൽ അതു മൂടി വയ്ക്കേണ്ട കാര്യമില്ല എന്നു കേട്ടിട്ടില്ലേ? രക്ഷപെടാനായി ഏതെങ്കിലുമൊരു ഞണ്ട് കൂടയുടെ മുകളിലെത്തുമ്പോഴേയ്ക്കും അതിനെ വേറൊരെണ്ണം വലിച്ചു താഴെയിട്ടിരിക്കും. സ്വയം വളരാൻ ശ്രമിക്കുകയോ മറ്റുള്ളവർ വളരാൻ സമ്മതിക്കുകയോ ചെയ്യാത്തവർ.... ഒരാൾ ശരിയായ വഴിയിലൂടെയാണോ പോകുന്നത് എന്നറിയണമെങ്കിൽ അയാളുടെ ജീവിതത്തിൽ സ്നേഹവും സന്തോഷവും സമാധാനവും ക്ഷമയും നന്മയുമൊക്കെയുണ്ടോന്ന് നോക്കിയാൽ മതി. അതൊക്കെയുണ്ടെങ്കിൽ ജീവിതവും സെറ്റപ്പാകും"

"ചിറ്റപ്പാ, ഇപ്പഴാ എന്റെ ചിന്തകൾ സെറ്റപ്പായത്" അനന്തിരവന്റെ ചിരിയിൽ അമ്മാവനും പങ്കുചേർന്നു.



# നന്മയിൽ ചരിക്കാം

സിജി കുന്നത്ത്
അപസ്തോലിക് ഒബ്ലേറ്റ്സ്

സൃഷ്ടപ്രപഞ്ചം എത്രയോ ധന്യമാണ്! ദൈവത്തിന്റെ നന്മ പ്രതിഫലിപ്പിക്കുന്ന, പ്രതിഫലിപ്പിക്കേണ്ട നിക്ഷേപാലയങ്ങളാക്കിയാണ് മനുഷ്യനെ ദൈവം രൂപപ്പെടുത്തിയത്. ലഭിച്ച കഴിവുകളെ മുപ്പതും അറുപതും നൂറുമേനിയുമാക്കി മാറ്റുന്നവരും ഉള്ള കഴിവിൽ അഹങ്കരിക്കുന്നവരും കഴിവുകൾ കണ്ടെത്താതെ പ്രയോജനരഹിതമാക്കി മാറ്റുന്നവരും ഇന്നു കുറവല്ല.

പരിശുദ്ധാത്മാവിനാൽ പ്രചോദിതരായി ഈശോ ഭരമേൽപ്പിച്ച സുവിശേഷസന്ദേശം മുപ്പതും അറുപതും നൂറുമേനിയുമാക്കി മാറ്റിയവരാണ് ശ്ലീഹന്മാർ. കടലും കരയും താണ്ടി അനേകർക്ക് വിശ്വാസത്തിന്റെ പ്രഘോഷകരായി മാറിയ ശ്ലീഹന്മാരുടെ ജീവിതത്തിലും വിളങ്ങിയത് ദൈവത്തിന്റെ സൃഷ്ടിവൈഭവവും നന്മയും തന്നെയായിരുന്നു. ശ്ലീഹന്മാരുടെ പ്രവർത്തനഫലമായി ലോകത്തിന്റെ നാനാഭാഗങ്ങളിൽ ഉടലെടുത്ത സഭ വളർന്ന് നൂറ്റാണ്ടുകളിലൂടെ മുന്നേറുന്നതു കൈത്താക്കാലത്തു നാം ധ്യാനിക്കുകയാണ്. തങ്ങൾ കേട്ടതും കണ്ടതും സൂക്ഷിച്ചു വീക്ഷിച്ചതും കൈകൊണ്ടു സ്പർശിച്ചതും (1 യോഹ 1,1) മുഴുവനായി ശ്ലീഹന്മാർ അനേകായിരങ്ങൾക്ക് വിശ്വാസദീപമായി പകർന്നു നൽകി. ഈ പകർത്തെഴുത്തുകൾ അനേകം വിശ്വാസികളുടെ ആഴമാർന്ന വിശ്വാസജീവിതസാക്ഷ്യത്തിലൂടെ ഇന്നും സഭയിൽ തുടരുന്നു.

ശ്ലീഹന്മാർക്ക് ഒരു ഗുരു ഉണ്ടായിരുന്നു; അവരെ വളർത്തുവാനും തിരുത്തുവാനും ചേർത്തുനിർത്തുവാനും പരിശീലിപ്പിക്കുവാനും. നമ്മിൽ അനേകം നന്മകൾ പൂവണിയുന്നുണ്ടെങ്കിൽ അതിനു പിന്നിൽ അനേകം വ്യക്തികളുടെ ഇടപെടലുകളുണ്ട്. നമ്മുടെ ജനനം മുതൽ നാമുമായി ബന്ധപ്പെട്ടവർ.... നമ്മുടെ മാതാപിതാക്കൾ, സഹോദരങ്ങൾ, ബന്ധുക്കൾ, ഗുരുഭൂതർ, മിത്രങ്ങൾ തുടങ്ങിവർ.... നിരവധി പേർക്കാകട്ടെ ഈ നന്മകൾ പ്രയോജനപ്പെടാതെയും പോകാറുണ്ട്. അവരുടെ ജീവിതസാഹചര്യങ്ങളും നന്മയോട് സഹകരിക്കാത്ത നിലപാടും തന്നെയാണ് അതിനു കാരണങ്ങൾ. ദൈവദാസൻ വില്യം ജകിീന്താ പിതാവു പറയുന്നു: "ദൈവത്തിന്റെ സൃഷ്ടിയായ ഓരോ മനുഷ്യനിലും നന്മയുണ്ട്. അത് തേച്ചുരച്ച് മിനുസപ്പെടുത്തി എടുക്കുന്നതാണ് പ്രേഷിതത്വം". ക്ഷമയില്ലാത്ത അവസ്ഥയിൽ നിന്ന് ക്ഷമയുള്ളവനായി മാറുവാൻ, സ്നേഹത്തിൽ കുറവുള്ള അവസ്ഥയിൽനിന്നു സ്നേഹത്തിന്റെ നിറവുള്ളവനാകുവാൻ, അപരനെ ശാരീരികമായും മാനസികമായും കൊലപ്പെടുന്ന അവസ്ഥയിൽനിന്ന് സ്നേഹത്തോടെ ചേർത്തുനിർത്തുവാൻ... ഇങ്ങനെയിങ്ങനെ പറ്റുന്ന വിധത്തിലെല്ലാം ഹൃദയം നന്മനിറഞ്ഞവരും നൈർമല്യമുള്ളവരുമാകാം. നമ്മിലുള്ള നന്മകളെ തേച്ചുരച്ചു മിനുക്കാൻ കിട്ടുന്ന അവസരങ്ങളൊന്നും നമുക്ക് നഷ്ടപ്പെടുത്താതെയുമിരിക്കാം. ഓരോരുത്തരും മടുപ്പുകൂടാതെ ജോലിചെയ്യാനും തങ്ങളുടെ സാധ്യതകൾ പൂർണമായി വിനിയോഗിക്കാനും വിശുദ്ധിയിൽ വളരാൻ പരിശ്രമിക്കുവാനും തുടങ്ങുമ്പോൾ ജീവിതം മനോഹരമായിത്തീരും. പിറുപിറുപ്പും മടിയും ഉത്സാഹക്കുറവുമെല്ലാം നീക്കം ചെയ്യാനും എവിടെയും വളർച്ചയിലേക്കു കാൽച്ചുവടുവയ്ക്കാനുമായാൽ ജീവിതത്തിൽ നന്മയുണ്ടാകുമെന്നു തീർച്ച.

മിശിഹായുടെ പ്രബോധനങ്ങളെ വിശ്വസ്തതയോടെ കൈമാറുകയും ആ പ്രബോധനങ്ങളോടു വിശ്വസ്തത പുലർത്തുകയും ചെയ്തവരാണ് ശ്ലീഹന്മാർ. ഹൃദയം നല്ലൊരു കൃഷിയിടമാണ്; മനുഷ്യഹൃദയങ്ങളിൽ മിശിഹായുടെ സ്നേഹം നിറയ്ക്കാനും അവന്റെ ശിഷ്യരായി നിലകൊള്ളുവാൻ ആഹ്വാനമേകാനും ശ്ലീഹന്മാർക്കേവർക്കും കഴിഞ്ഞു. അതിന്റെ ഫലമോ അനന്തമായിരുന്നു. ഇന്നു സഭ അതിന്റെ എല്ലാ പ്രതിസന്ധിഘട്ടങ്ങളിലും മുന്നോട്ടുപോകുന്നുവെങ്കിൽ ശ്ലീഹന്മാർ പാകിയ വിശ്വാസവിത്ത് ഫലം ചൂടി എന്നു തന്നെ വേണ്ടേ കരുതുവാൻ?

മിശിഹായെ പ്രഘോഷിക്കുന്ന അവസരത്തിൽ ശ്ലീഹന്മാർക്ക് അനേകം തടസ്സങ്ങൾ കടന്നുവന്നു, രക്തസാക്ഷിത്വവും സഹനങ്ങളും ഏറ്റെടുക്കേണ്ടതായിവന്നു. ഈലോകസുഖങ്ങളെല്ലാം സ്വർഗത്തിനുവേണ്ടി അവർ ത്യജിച്ചു. ഈ ലോകജീവിതത്തിൽ എന്തുതന്നെ നേടിയാലും അവയൊന്നും ഉപകാരപ്പെടില്ല, മറിച്ച്, നന്മകളാൽ ഒരുവന്റെ ജീവിതം നിറച്ചാൽ അത് അമൂല്യവും ഒളിമങ്ങാത്തതുമായി നിലകൊള്ളും. നമ്മുടെ ഓരോരുത്തരുടെയും വിശ്വാസജീവിതത്തിലും ഫലം ചൂടലിനായി സഹനങ്ങളും പ്രതിബന്ധങ്ങളും ഏറ്റെടുക്കേണ്ടിവരും. അപ്പോഴെല്ലാം നമ്മുടെ രക്ഷയ്ക്കായി നിണമണിഞ്ഞ കർത്താവിനെ ധ്യാനിക്കാനും മരണത്തിന്മേൽ വിജയംവരിച്ചവനിൽ ആശ്രയിക്കാനും നമുക്കാവണം.

സഭയിൽ വിളങ്ങി പ്രശോഭിക്കേണ്ട നിരവധിയായ ഫലങ്ങൾ സഭാമക്കളിൽ തെളിയുമ്പോൾ മിശിഹാ പറഞ്ഞതുപോലെ ശിഷ്യന്റെ, മിശിഹാനുയായിയുടെ ജീവിതം മലയിൽ ഉയർത്തപ്പെട്ട വിളക്കും ഉറയുള്ള ഉപ്പും പുളിപ്പിക്കുന്ന പുളിമാവുമായിത്തീരുന്നു. അങ്ങനെ സ്നേഹവും കരുണയും ക്ഷമയും ശുശ്രൂഷാജീവിതവും നിറഞ്ഞ മനുഷ്യനായി ഒരുവൻ തീരും. അങ്ങനെ ഫലംചൂടി നിൽക്കുന്നവൻ ദൈവത്തെ ദർശിക്കുവാനും ദൈവസ്നേഹത്താൽ നിറഞ്ഞ് അപരനെ ശുശ്രൂഷിക്കാനും കഴിവുള്ളവനാകും. ആരാധനാവത്സരത്തിലെ ഈ കൈത്താക്കാലത്തിൽ ഓരോ മനുഷ്യഹൃദയവും അനേകം സുകൃതങ്ങളാൽ നിറവുള്ളതാകട്ടെ.

**"ദൈവത്തിന്റെ സൃഷ്ടിയായ ഓരോ മനുഷ്യനിലും നന്മയുണ്ട്. അത് തേച്ചുരച്ച് മിനുസപ്പെടുത്തി എടുക്കുന്നതാണ് പ്രേഷിതത്വം".**

**(ദൈവദാസൻ വില്യം ജകിീന്താ)**





# ഉത്തരം കിട്ടുന്ന പ്രാർത്ഥന

**സ്റ്റെഫി മംഗലത്തുകുന്നേൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

മത്തായിച്ചേട്ടൻ സ്ഥിരമായി യാമപ്രാർത്ഥന ചൊല്ലുന്നയാളും അതിനായി മറ്റുള്ളവരെ പ്രേരിപ്പിക്കുന്നയാളുമാണ്. സപ്രാപ്രാർത്ഥനയിലെ അങ്ങിൽ ശരണപ്പെടുന്നവരാരും ഒരിക്കലും നിരാശരാവുകയില്ല എന്ന വാചകം മത്തായിച്ചേട്ടന്റെ ഹൃദയത്തിൽ ചലനങ്ങൾ സൃഷ്ടിച്ചിരുന്നു; താമസിയാതെ അതൊരു മുറിവായിത്തീരുകയും ചെയ്തു. ജീവിതത്തിൽ അനുഭവിക്കേണ്ടിവന്ന പല കൊടിയസങ്കടങ്ങളും ഈ പ്രാർത്ഥന കണ്ടപ്പോൾ തികട്ടിവരുന്നതാണു കാരണം. ഞാനിത്രയും പ്രാർത്ഥിച്ചിട്ടും എന്റെ ആഗ്രഹങ്ങൾ പലതും സാധിക്കുന്നില്ലല്ലോ എന്നതായിരുന്നു മത്തായിച്ചേട്ടന്റെ പര്യാകുലത.

പ്രാർത്ഥനയ്ക്കുത്തരം കിട്ടുന്നില്ല എന്ന പതിവു പരാതി ഉയർത്തുമ്പോൾതന്നെ വേണ്ട വിധമാണോ പ്രാർത്ഥിക്കുന്നത് എന്ന് ആത്മശോധന ചെയ്യേണ്ടതുണ്ട്. 'സ്വർഗ്ഗസ്ഥനായ പിതാവിന്റെ നാമം പൂജിതമാകട്ടെ' എന്ന ആദ്യപകുതി മറന്ന് 'ഞങ്ങൾക്കു തരണമേ' എന്ന ഒറ്റ പ്രയോഗത്തിൽമാത്രം ഹൃദയമുടക്കി നിൽക്കുന്നതു പ്രാർത്ഥനയല്ല. ചോദിക്കുന്നതിനു മുമ്പേതന്നെ മക്കളുടെ ആവശ്യങ്ങൾ അറിയുന്ന സ്നേഹപിതാവാണ് ദൈവം. ആദ്യം അവിടുത്തെ രാജ്യവും നീതിയും അന്വേഷിക്കുന്നവർക്ക് അതോടൊപ്പം മറ്റെല്ലാം ലഭിക്കുമെന്നാണല്ലോ ഈശോ പറഞ്ഞിരിക്കുന്നത്. ദൈവത്തിൽ ശരണപ്പെടുന്നവർക്ക് ചോദിക്കുന്നതൊക്കെ



ലഭിക്കുമെന്നല്ല; ഹൃദയനൈരാശ്യത്തിനിട വരികയില്ല എന്നു മനസ്സിലാക്കാനാവാതെ പോകുന്നതാണ് മത്തായിച്ചേട്ടന്റേതുപോലുള്ള പല പര്യാകുലതകളുടെയും കാരണം.

ഭവനസന്ദർശനത്തിനിടെയാണ് ആ കുടുംബത്തിൽ ചെന്നത്. ജന്മനാ രോഗിയായ ഒരു സ്ത്രീ.... മാതാപിതാക്കളുടെ മരണശേഷം നാട്ടുകാരെല്ലാവരും ഒത്തുചേർന്ന് ഭാര്യ മരിച്ച ഒരാളെക്കൊണ്ട് അവളുടെ വിവാഹം നടത്തി. ആദ്യ കുറച്ചു ദിവസങ്ങൾ വലിയ കുഴപ്പമില്ലായിരുന്നു.... പിന്നീട് പ്രശ്നങ്ങൾ ആരംഭിച്ചു. മദ്യം വീട്ടിൽ വാങ്ങിവച്ചിട്ടാണ് അയാൾ പണിയാൻ പോവുക. മദ്യപിക്കാൻ തോന്നുമ്പോഴൊക്കെ ബസ്സിൽ കയറിയോ ബസ്സില്ലെങ്കിൽ ഓട്ടോ വിളിച്ചോ അയാൾ വീട്ടിലെത്തും. മദ്യപിച്ചു തിരികെ പോകും. ദിവസത്തിൽ രണ്ടോ മൂന്നോ തവണ ഇത് ആവർത്തിക്കും. വൈകിട്ട് വീട്ടിൽ ലൈറ്റ് ഓൺ ചെയ്യാൻ അയാൾ സമ്മതിക്കില്ല. ഭാര്യ ടി.വി. ഓൺ ചെയ്താൽ അതു താൻ വാങ്ങിയതാണെന്നു പറഞ്ഞ് അയാൾ ഓഫാക്കും. പക്ഷേ, താൻ കിടക്കുന്നത് ഭാര്യയുടെ വിയർപ്പിന്റെ ഫലമായുണ്ടായ വീട്ടിലാണെന്ന ചിന്ത അയാൾക്കില്ല താനും! ചെറുപ്പം മുതൽ മറ്റു പല വീടുകളിലുംചെന്ന് പറ്റുന്ന ജോലികളൊക്കെ ചെയ്ത് സ്വരുക്കൂട്ടിയ സ്വർണവും പണവുമൊക്കെ ഉപയോഗിച്ച് അവൾ പണിതുയർത്തിയതാണ് ചെറുതാണെങ്കിലും വൃത്തിയും വെടിപ്പുമുള്ള ആ വീട്.

എന്നെ ആകർഷിച്ച കാര്യമിതാണ് – ഇതൊക്കെയാണെങ്കിലും ആ സ്ത്രീക്ക് യാതൊരു പരാതിയുമില്ല. അവളുടെ ഭർത്താവിന്റെ വിചിത്ര രീതികളെക്കുറിച്ചും അവൾ പരാതി പറഞ്ഞില്ല. അവളുടെ അടുത്ത ഒരു ബന്ധു പറഞ്ഞാണ് അയാളെപ്പറ്റി കൂടുതൽ അറിയാനിടയായത്. വളരെ ശാന്തമായി ജീവിതത്തെ നേരിടുന്ന അവൾ ഈ സഹനങ്ങളുടെ മദ്ധ്യേയും സന്തോഷവതിയായി കാണപ്പെട്ടു. തനിച്ചിരുന്നാണെങ്കിലും അവൾ ഒരിക്കലും കുടുംബപ്രാർത്ഥന മുടക്കിയിട്ടില്ല.

മത്തായിച്ചേട്ടന്റെ സംശയങ്ങളുടെ ഉത്തരം മേൽപറഞ്ഞ സ്ത്രീയിൽ നമുക്കു കണ്ടെത്താൻ സാധിക്കുമെന്നു തോന്നുന്നു. ജയപരാജയങ്ങളിലും സുഖദുഃഖങ്ങളിലും ഒരുപോലെ ദൈവത്തെ അള്ളിപ്പിടിച്ചു ജീവിക്കാനാവുക! അതു നൽകുന്ന ഒരു പ്രത്യേക ആനന്ദമുണ്ട്. പൂർണ്ണമായി ദൈവത്തിൽ ശരണപ്പെട്ടു ജീവിക്കുന്നവർക്കേ ആ സന്തോഷം അനുഭവിക്കാനാവുകയുള്ളൂ. വേദനയും ദുരിതവും ഉണ്ടാവുകയില്ല എന്നല്ല; അതു ജീവിതത്തെ തളർത്തുകയില്ല എന്നതാണ് മനസ്സിലാക്കേണ്ട കാര്യം.

ചെയ്യേണ്ട കടമകളൊന്നും ചെയ്യാതെ മുഴുവൻ സമയവും ദൈവാലയത്തിൽ ആയിരിക്കുന്നതിനെയല്ല പൂർണ്ണമായി ദൈവത്തിലാശ്രയിക്കുക എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് എന്നു വ്യക്തമാണല്ലോ. ചെയ്യേണ്ട കർത്തവ്യങ്ങളൊക്കെ ശാന്തമായും കൃത്യമായും നിർവ്വഹിച്ചു കഴിഞ്ഞാൽ ബാക്കിയുള്ളതൊക്കെ ദൈവപരിപാലനയ്ക്കു വിട്ടുകൊടുത്തുകൊണ്ട് സമാധാനത്തിൽ ജീവിക്കുക എന്നതാണ്. ദുഃഖം മാനുഷികമാണ്. എന്നാൽ അതിനപ്പുറം നിരാശയും ആകുലതയും ക്രിസ്ത്യാനിക്കു ചേർന്നതല്ല എന്ന് എവിടെയോ വായിച്ചിട്ടുണ്ട്. ചോദിക്കുന്നതൊക്കെ കിട്ടണം എന്നു വാശി പിടിക്കാതെ നല്ലതേ ദൈവം തരൂ എന്നു വിശ്വസിക്കാനായാൽ നമ്മുടെ ആശങ്കകൾ പലതും സമാധാനത്തിലേക്കു വഴിമാറുന്നതു കാണാനാവും.

> *"എന്നേയ്ക്കുമായി അങ്ങെന്നെ ഉപേക്ഷിക്കുകയോ ജീവന്റെ പുസ്തകത്തിൽ നിന്ന് എന്റെ പേര് മായിച്ചുകളയുകയോ ചെയ്യാത്ത പക്ഷം കഷ്ടതകളൊന്നും എനിക്കു യാതൊരു ദ്രോഹവും ചെയ്യുകയില്ല"*
>
> (ക്രിസ്താനുകരണം)

# അമ്മയ്ക്കൊപ്പം അനുഗ്രഹവഴിയെ



ബെറ്റി കച്ചിറ
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

**പ**രിശുദ്ധ കന്യകാമറിയമേ, അന്ധകാരം നിറഞ്ഞ എന്റെ ഹൃദയവാതിൽ തുറക്കുവാനും ആത്മാവിനെ നിർമ്മലമാക്കുവാനും ഈ ജപമാലയിൽ എന്നെ സഹായിക്കണമേ. ഞങ്ങൾ ഒരുമയോടെ ഒരു ഹൃദയത്തോടെ വ്യാപരിക്കുവാനും സ്വർഗീയവസതി തേടി യാത്ര ചെയ്യുവാനും സ്വർഗീയ പിതാവിന്റെ മക്കളായി തീരുവാനും ഞങ്ങളെ സഹായിക്കണമേ. ആമ്മേൻ

**ഒന്നാം ദിവ്യരഹസ്യം**: ശ്ലീഹന്മാർക്ക് ശക്തി പകർന്നവളായ പരിശുദ്ധ അമ്മയെ നമുക്കു ധ്യാനിക്കാം.

ഈശോയാകുന്ന മൂലക്കല്ലിൽ ശ്ലീഹന്മാരാകുന്ന അടിത്തറയിൽ പണിതീർക്കപ്പെട്ട് സഭയ്ക്ക് താങ്ങും തണലുമായി നിൽക്കുന്ന അമ്മേ നിന്റെ സഭാമക്കൾ എന്ന അവബോധത്തിൽ ആഴപ്പെടുവാൻ ഞങ്ങൾക്കായി പ്രാർത്ഥിക്കണമേ. *1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**രണ്ടാം ദിവ്യരഹസ്യം**: പാപികൾക്ക് വഴി കാട്ടിയവളായ പരിശുദ്ധ അമ്മയെ നമുക്കു ധ്യാനിക്കാം.

സഭയുടെ മക്കളായ ഞങ്ങൾ പാപത്തിന്റെ അടിമത്തത്തിൽ വീണു കിടക്കുമ്പോൾ പാപബോധവും മാനസാന്തരവും നൽകി, ദൈവമക്കൾ എന്ന അവബോധത്തിൽ വളരുവാനായി പ്രാർത്ഥിക്കണമേ. *1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**മൂന്നാം ദിവ്യരഹസ്യം**: ഐക്യത്തിന്റെ കണ്ണിയായ പരിശുദ്ധ അമ്മയെ നമുക്കു ധ്യാനിക്കാം.

മാമോദീസായിലൂടെ ലഭിച്ച വരപ്രസാദാവസ്ഥയും സ്വർഗരാജ്യത്തിന് അവകാശികൾ എന്ന പദവിയും മറക്കാതെ, എല്ലാവർക്കും എല്ലാമായി, ഐക്യത്തിന് കാരണമായി ജീവിക്കാൻ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ.

*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**നാലാം ദിവ്യരഹസ്യം**: സഭാഗാത്രത്തെ വിളക്കിച്ചേർക്കുന്ന പരിശുദ്ധ അമ്മയെ നമുക്കു ധ്യാനിക്കാം.

പരിശുദ്ധ അമ്മേ, സഭയെ നയിക്കുന്ന എല്ലാ അധികാരികൾക്കും വിവേകവും പരിശുദ്ധാഭിഷേകവും നൽകി സ്വർഗരാജ്യ പ്രഘോഷകരായി ജീവിക്കുവാൻ വേണ്ട കൃപയ്ക്കായി പ്രാർത്ഥിക്കണമേ. *1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**അഞ്ചാം ദിവ്യരഹസ്യം**: സഭയുടെ അമ്മയായ പരിശുദ്ധ അമ്മയെ നമുക്കു ധ്യാനിക്കാം.

മാലാഖമാരുടെ ഗണങ്ങളാൽ അലങ്കരിക്കപ്പെട്ട് സ്വർഗീയകിരീടമണിഞ്ഞ് സ്വർഗീയ രാജ്ഞിയായ പരിശുദ്ധ അമ്മേ, സഭാമക്കളായ ഞങ്ങൾ അനുദിനജീവിതത്തിലെ കുരിശുകൾക്കു മുമ്പിൽ മനോധൈര്യം വെടിയാതെ ജീവിക്കുവാൻ വേണ്ട കൃപയ്ക്കായി നീ പ്രാർത്ഥിക്കണമേ. *1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*



"ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ ദൈവമേ,
ലോകത്തിന്റെ നാനാഭാഗങ്ങളിലും
പ്രകാശം ചൊരിയുവാനായി
ഉദയം ചെയ്ത മിശിഹായേ,
നിന്റെ സഭയോടു കരുണ കാണിക്കണമേ.
അവളുടെ സന്താനങ്ങളെ
നശിപ്പിക്കുവാനന്വേഷിക്കുന്ന
ദുഷകനെ നശിപ്പിക്കുകയും
കടന്നുപോകാത്ത ലോകത്തിൽ
നിന്റെ ദാസർക്കായി വാഗ്ദാനം ചെയ്ത സൗഭാഗ്യത്തിന്
അവളെ അർഹയാക്കുകയും ചെയ്യണമേ".

(കൈത്താക്കാലം, ഒന്നാം വെള്ളി - ഖുഥാആ)



**PRATHEEKSHAYUDE POOMOTTUKAL** (Malayalam Monthly)
**RNI: KERMAL/2014/59983**
**Published on 24th July 2024**



“ഞങ്ങളുടെ കർത്താവേ,
ഞങ്ങളുടെ ദൈവമേ,
നിന്റെ സത്യത്താൽ
ഞങ്ങളെ വിശുദ്ധീകരിക്കുകയും
നിന്റെ പരിശുദ്ധവും സ്തുത്യവുമായ
വാസസ്ഥലത്തുനിന്നും ഞങ്ങളെ
കടാക്ഷിക്കുകയും ചെയ്യേണമേ.
ഞങ്ങളുടെ ജീവിതകാലം മുഴുവൻ
നിന്റെ നിയമങ്ങൾ പാലിച്ചുകൊണ്ട്
വിശുദ്ധിയുടെ ഫലങ്ങൾ
പുറപ്പെടുവിക്കുവാൻ ഞങ്ങളെ
സഹായിക്കുകയും ചെയ്യണമേ.
ആമ്മേൻ”.

(കൈത്താക്കാലം, ശനി - എന്താന)

**Printed, Published & Owned by Shiny Andrews Muthuplackal, Spirituality Centre, Manganam P.O., Kottayam - 686 018; Printed at WiGi Printers, Manganam P.O., Kottayam - 686 018, Ph:9447420082, Email: wigipress@gmail.com; Published at Spirituality Centre, Manganam P.O., Kottayam - 686 018, Mob: 9497588192, Email: psmktm@gmail.com**
**Editor: Fr. Mathew Vellanickal**